# ഫ്രാറ്റ് ന്യൂസ്

**ദ്വൈമാസിക**

Website : www.frat.in E-mail : ourfrat@gmail.com

മെയ് 2010

ഫെഡറേഷൻ ഓഫ് റസിഡന്റ്സ് അസ്സോസിയേഷൻസ് തിരുവനന്തപുരം (ഫ്രാറ്റ്) പ്രസിദ്ധീകരണം



തലസ്ഥാന ജില്ലയുടെ
സമഗ്ര വികസനത്തിനും
സാമൂഹ്യ സുരക്ഷക്കും
എന്നും ജനങ്ങളോടൊപ്പം ഫ്രാറ്റ്

# ഫ്രാറ്റ് ന്യൂസ്

ദ്വൈമാസിക

Website: www.frat.in Email: ourfrat@gmail.com

പുസ്തകം 1 ലക്കം 1 2010 മെയ്



ചീഫ് എഡിറ്റർ
**പട്ടം ശശിധരൻ നായർ**
ഫോൺ: 9349801452

മാനേജിംഗ് എഡിറ്റർ
**അഡ്വ. പുഞ്ചക്കരി ജി. രവീന്ദ്രൻ നായർ**
ഫോൺ: 9447104575

എഡിറ്റർ
**എം. എസ്. ശ്രീകാര്യം**
ഫോൺ: 9349494933

മാനേജർ
**ജി. രാധാകൃഷ്ണൻ**
ഫോൺ: 9633467926

അസോസിയേറ്റ് എഡിറ്റേഴ്സ്
**സി. ശ്യാം മോഹൻ**
ഫോൺ: 9447102552

**ജഗതി ശിവൻതമ്പി**
ഫോ: 9847931550

**ആർ. സദാശിവൻനായർ**
ഫോൺ: 9446539122

**എൻ. സാം കുഞ്ഞ്**
ഫോൺ: 9447245833


## എഡിറ്റോറിയൽ

# ഫ്രാറ്റ് : തലസ്ഥാനജില്ലയുടെ ജനകീയ കൂട്ടായ്മ

തലസ്ഥാന ജില്ലയുടെ സമഗ്രവികസനത്തിനും സാമൂഹ്യ സുരക്ഷയ്ക്കും നിലകൊള്ളുന്ന ഒരു ബഹുജന സന്നദ്ധ സംഘടനയാണ് ഫ്രാറ്റ്. 700–ൽപ്പരം അംഗ റസിഡന്റ്സ് അസോസിയേഷനുകളേയും ഏകദേശം 2 ലക്ഷം കുടുംബങ്ങളിലെ 10 ലക്ഷം ജനങ്ങളേയും പ്രതിനിധീകരിക്കുന്ന ഇൻഡ്യയിലെ തന്നെ ഒരു മഹാ പ്രസ്ഥാനമായി ഫ്രാറ്റ് വളർന്നിരിക്കുന്നു.

ജാതി–മത–രാഷ്ട്രീയ നിരഭേദങ്ങളില്ലാതെ എല്ലാവിഭാഗം ജനങ്ങളേയും കൂട്ടിയിണക്കി ശക്തമായ പൊതുവികാരവും ജനകീയപ്രശ്നങ്ങളും ഉയർത്തുന്ന ഒരു 'ജനകീയ ജിഹ്വ' എന്ന പദവി ഫ്രാറ്റിനു മാത്രം അവകാശപ്പെട്ടതാണ്.

17–ാം വയസ്സിലേക്ക് കടന്നിരിക്കുന്ന ഫ്രാറ്റിന്റെ ഗതകാല സ്മരണകൾ അയവിറക്കുമ്പോൾ ഇത്തരം ഒരു മഹത്തായ സംഘടനയ്ക്ക് രൂപം നൽകിയ മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ സ്ഥാപക നേതാക്കളേയും മറ്റു പ്രവർത്തകരേയും നന്ദിപൂർവം സ്മരിക്കേണ്ടതുണ്ട്. അതോടൊപ്പം അധികാരവർഗ്ഗത്തിന് ഒരു പേടിസ്വപ്നമായും പൊതുജനങ്ങൾക്കും അംഗപോഷക സംഘടനകൾക്കും ഒരു സാന്ത്വനമായും ഫ്രാറ്റിനെ വളർത്തേണ്ട ഉത്തരവാദിത്വം നമ്മുടേതാണെന്നുകൂടി ഓർക്കേണ്ടതാണ്. അതിനായി വികാരവിക്ഷോഭങ്ങൾ ഉപേക്ഷിച്ച് വിവേകപൂർവം നമുക്കു യോജിച്ചു പ്രവർത്തിക്കാമെന്ന് ഈ അവസരത്തിൽ പ്രതിജ്ഞ ചെയ്യാം.

ഫ്രാറ്റിന്റെ 16–ാം വാർഷിക സമ്മേളനത്തിൽ, ചരിത്രത്തിലാദ്യമായി പ്രകാശനം ചെയ്ത സ്മരണികയ്ക്ക് ലഭിച്ച അഭിനന്ദനങ്ങളും നിരൂപണങ്ങളും 'ഫ്രാറ്റ് ന്യൂസ്' എന്ന പേരിൽ മറ്റൊരു പ്രസിദ്ധീകരണത്തിന് പ്രചോദനമായി. ദ്വൈമാസികയായി തുടങ്ങുന്ന ഈ പ്രസിദ്ധീകരണം ഭാവിയിൽ മാസികയായി മാറ്റാൻ ഉദ്ദേശ്യമുണ്ട്.

ജനകീയപ്രശ്നങ്ങളും പൊതുവികാരങ്ങളും അവതരിപ്പിക്കാനും പ്രകടിപ്പിക്കാനും ഇതിലൂടെ നമുക്കു കഴിയും. ഇതിനുപുറമെ ഫ്രാറ്റും അംഗപോഷകസംഘടനകളും തമ്മിലുള്ള ആശയവിനിമയത്തിനും ഈ വേദി സഹായകമാകും. അങ്ങനെ ഈ സംരംഭം ഫ്രാറ്റിന് ഒരു മുതൽക്കൂട്ട് ആക്കാൻ ഉദ്ദേശിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു.

ഫ്രാറ്റിനെ സ്നേഹിക്കുകയും അതിന്റെ വളർച്ചയിൽ സന്തോഷിക്കുകയും ചെയ്യുന്ന നല്ലവരായ നിങ്ങളുടെ മുമ്പിൽ ആദ്യ 'ഫ്രാറ്റ് ന്യൂസ്' സമർപ്പിക്കുന്നു. ദയവായി സ്വീകരിക്കുക! അനുഗ്രഹിക്കുക!!

ചീഫ് എഡിറ്റർ

# താളുകൾ മറിക്കുമ്പോൾ ....


| | | |
|---|---|---|
| 3 | വാർഷികങ്ങളിലൂടെ | – പട്ടം ശശിധരൻ നായർ |
| 5 | ജനറൽ സെക്രട്ടറി എഴുതുന്നു | – അഡ്വ. പുഞ്ചക്കരി ജി. രവീന്ദ്രൻനായർ |
| 6 | അഭിമുഖം | – എം.എസ്. ശ്രീകാര്യം |
| 7 | അവശ്യസാധനങ്ങൾ വീട്ടുപടിക്കൽ | – എ. ഗോപകുമാർ |
| 8 | 16–ാം വാർഷിക സമ്മേളനം –ഒരവലോകനം | – ജഗതി ശിവൻതമ്പി |
| 10 | വർക്കലയോടുള്ള ആദരവ്<br>ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കുന്നതിലൂടെ | – അഡ്വ. പരണിയം ദേവകുമാർ |
| 12 | ഇക്കോ ടൂറിസം:<br>കാലഘട്ടത്തിന്റെ ആവശ്യം | – ജി. രാധാകൃഷ്ണൻ |
| 13 | മെഡിസിൻ ഫ്രീ ലൈഫ് | – ഡോ. ആർ. ശങ്കർറാം |
| 15 | മാറിയ കാലവും ഖസാക്കിന്റെ ഇതിഹാസവും | – ഡോ. സി. നാരായണപിള്ള |
| 17 | നെഗറ്റീവ് മാർക്ക് (കഥ) | – റാണി ഹരികുമാർ |
| 18 | സ്കൂളിലേക്ക് (കവിത) | – ശ്യാം സന്ധ്യാലയം |
| 20 | സ്വപ്നസുന്ദരി (കവിത) | – കരുമം രാധാകൃഷ്ണൻനായർ |
| 21 | എ.എസ്. രാജന് ബാഷ്പാഞ്ജലി (അനുസ്മരണം) | – പി.ജി. കമലാസനൻ |
| 23 | മഴക്കാല പൂർവ്വ ശുചീകരണം | |
| 25 | മേഖലകളിലൂടെ | |
| 27 | അസ്സോസിയേഷനുകളിലൂടെ | |


*മുഖചിത്രം: ഫ്രാറ്റ് 16–ാം വാർഷിക സമ്മേളനം ബഹു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. സി. ദിവാകരൻ ഉദ്ഘാടനം ചെയ്യുന്നു.*

# വാർഷികങ്ങളിലൂടെ

**പട്ടം ശശിധരൻ നായർ, പ്രസിഡന്റ്**
ഫ്രാറ്റ്

സംഘടനകളുടെ വാർഷിക സമ്മേളനങ്ങൾ വിജയകരമാകുന്നത് സംഘടിതപ്രസ്ഥാനങ്ങളുടെ വളർച്ചയുടെ പ്രധാന അളവുകോലാണ്. വർഷത്തിൽ ഒരു പ്രാവശ്യം തട്ടിക്കൂട്ടിയെടുത്ത് സമ്മേളനങ്ങൾ നടത്തി കടമ നിർവഹിക്കുന്ന കടലാസു സംഘടനകൾ നിരവധിയാണ്. ലക്ഷ്യബോധത്തോടെ ആദർശത്തിലധിഷ്ഠിതമായി നടത്തുന്ന സംഘടനാ പ്രവർത്തനത്തെ മാത്രമേ അംഗങ്ങളും ജനങ്ങളും പൊതുവേയും അംഗീകരിക്കുകയുള്ളു. ആവശ്യങ്ങൾ അംഗീകരിക്കുകയും അവ അനുഭവവേദ്യമാക്കുകയും ചെയ്യുന്നത് ശ്രമകരമായ പ്രവർത്തനങ്ങളാണ്.



*ഫ്രാറ്റ് 16–ാം അർദ്ധവാർഷികസമ്മേളനം വിദേശകാര്യസഹമന്ത്രി ഡോ. ശശിതരൂർ ഉദ്ഘാടനം ചെയ്യുന്നു.*

അംഗ അസോസിയേഷനുകളുടെ ആവശ്യം തത്വാധിഷ്ഠിതവും അവ നേടിയെടുപ്പിക്കുന്നതിൽ പക്ഷാഭേദം കാണിക്കാതെ സന്ധിയില്ലാത്ത പോരാട്ടവും അനിവാര്യമാണ്. ഭാരവാഹികളുടെ കഴിവും പ്രാഗത്ഭ്യവും പ്രലോഭനങ്ങൾക്ക് വഴങ്ങാതെയുള്ള നിഷ്പക്ഷ പ്രവർത്തനശൈലിയും വളർച്ചയുടെ പടവുകൾ താണ്ടാൻ സഹായകരമാകും. സംശുദ്ധമായ കരങ്ങളും പിന്നിട്ട അനുഭവസമ്പത്തും കരുത്തുറ്റ നേതൃപാടവവും നേതാക്കളെ വാർത്തെടുക്കുന്നതിന്റെ പ്രധാന അളവുകോലാണ്. കാലാനുസരണമുള്ള മുദ്രാവാക്യമുയർത്തി ജനകീയാവശ്യത്തെ കാലതാമസമില്ലാതെ നേടിയെടുക്കാനുള്ള ഇച്ഛാശക്തിയുള്ള നേതൃത്വത്തെ മാത്രമേ അംഗങ്ങൾ അംഗീകരിക്കുകയുള്ളു.

വാർഷിക സമ്മേളനങ്ങൾ പ്രധാനമായും ചർച്ച ചെയ്യുന്നത് നടപ്പു വർഷം നടത്തിയ പ്രവർത്തനങ്ങൾ നിഷ്ക്രിയമോ സക്രിയമോ എന്നും അടുത്ത വർഷം നേടാനുള്ളത് ചർച്ച ചെയ്തു തീരുമാനിക്കുകയുമാണ്. പ്രധാനപ്പെട്ട സംഭവവികാസവും തദനുസരണമായ വിഷയങ്ങളും പ്രബന്ധങ്ങളും ഉണ്ടാകും.

ഫെഡറേഷൻ ഓഫ് റസിഡന്റ്സ് അസോസിയേഷൻ കഴിഞ്ഞ ഒന്നര പതിറ്റാണ്ടിനുശേഷമുള്ള അർദ്ധ വാർഷികവും വാർഷികവും നാളിതുവരെയുള്ള സമ്മേളനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചരിത്രം തിരുത്തിക്കുറിക്കുന്ന സംഭവമായിരുന്നു. അർദ്ധ വാർഷികത്തിൽ 650 ൽപ്പരം റസിഡന്റ്സ് അസോസിയേഷനുകളുടെ അംഗബലത്തോടെ വൻപിച്ച പ്രാതിനിധ്യമാണ് ഉണ്ടായിരുന്നത്. കേന്ദ്രവിദേശകാര്യ സഹമന്ത്രി ശ്രീ. ശശിതരൂരാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. ഉന്നത വ്യക്തിത്വം പുലർത്തുന്ന ബഹുമാന്യരുടെ സാന്നിദ്ധ്യം സമ്മേളനത്തിനു മാറ്റുകൂട്ടി. ബഹുമാനപ്പെട്ട D.G.P. ശ്രീ. ജേക്കബ് പുന്നൂസും, ചീഫ് സെക്രട്ടറിയും ബഹു. നഗരസഭാ മേയറും, ഐ.ജി. ശ്രീമതി സന്ധ്യയും, ആറ്റിങ്ങൽ എം.പി. ശ്രീ സമ്പത്തും യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചത് ശ്രദ്ധിക്കപ്പെട്ട അനുഭവമായിരുന്നു. ഉദ്ഘാടകനടക്കം സംസാരിച്ചവരെല്ലാം ഫ്രാറ്റിന്റെ പ്രവർത്തനത്തേയും അവർക്ക് മാത്രം മെച്ചപ്പെട്ട വാർഷികയോഗങ്ങൾ സംഘടിപ്പിക്കാനുള്ള കഴിവിനെയും മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. ആറു മാസത്തിനിടയിൽ ജനോപകാരപ്രദമായ നിരവധി അനവധി കാര്യങ്ങൾ അനുഭവിക്കാനിടയായ അസുലഭസന്ദർഭങ്ങളെ ഓർത്തുകൊണ്ടുള്ള ചർച്ചകളാണുണ്ടായത്.

അസോസിയേഷനും, ഘടക യൂണിറ്റുകൾക്കും അവരുടെ അംഗങ്ങൾക്കും ജില്ലയൊട്ടാകെയുള്ള വികസനത്തിനും ഗുണകരമായ പ്രവർ

ത്തനം കാഴ്ച വച്ചതുകൊണ്ടുമാത്ര മാണ് 16ാം അർദ്ധവാർഷികം ഇത്ര ത്തോളം വിജയം കൈവരിച്ചത്. കോരിച്ചൊരിഞ്ഞ മഴയായിട്ടും സമ്മേ ളനനഗരിയിലേക്ക് പ്രതിനിധികൾ എല്ലാം സഹിച്ച് എത്തിയത് പ്രശംസ നീയമായി.

**ചരിത്രം കുറിച്ച 16–ാം വാർഷികം**

2010 ഫെബ്രുവരി മാസം 12–ാം തീയതി ജവഹർബാലഭവനിൽ നടന്ന ഫ്രാറ്റിന്റെ 16–ാം വാർഷിക സമ്മേ ളനം പലതുകൊണ്ടും ശ്രദ്ധിക്കപ്പെട്ട സംഭവമായി. ഹാളും പരിസരവും ഫ്രാറ്റിന്റെ 700ഓളം വരുന്ന യൂണിറ്റു കളിലെ പ്രതിനിധികളെക്കൊണ്ട് നിറഞ്ഞു കവിഞ്ഞ സമ്മേളനം ഉദ്ഘാടനം ചെയ്തത് കേരള ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. സി. ദിവാകരനാണ്. ജനങ്ങളെ ബാധിക്കുന്ന ഭക്ഷ്യധാന്യ വിലക്കയ റ്റത്തെ ഒരു പരിധിവരെ തടയുന്ന തിനും സബ്സിഡി നല്കി വിതരണം ചെയ്യുന്ന സാധനങ്ങൾ ജനങ്ങളി ലേക്ക് എത്തിക്കാൻ ഫ്രാറ്റിന്റെ കെട്ടു റപ്പുള്ള സംഘടനയ്ക്കു കഴിയുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചത് വമ്പിച്ച ഹർഷാരവത്തോടെയാണ് പ്രതിനിധികൾ സ്വാഗതം ചെയ്തത്.

ഫ്രാറ്റിന്റെ 16 വർഷചരിത്രത്തിലാ ദ്യമായി ചരിത്രം തിരുത്തിക്കുറിച്ച ഒരു സംഭവത്തിനും സമ്മേളനവേദി സാക്ഷിയായി. വളരെ വിലപ്പെട്ടതും മനോഹരമായതുമായ ഒരു സോവ നീർ പ്രസിദ്ധീകരിക്കുമെന്ന നിലവി ലുള്ള ഭരണസമിതിയുടെ ദൃഢ പ്രതിജ്ഞ സാധിതപ്രായമായിയെന്നു ള്ളത് എടുത്തുപറയത്തക്ക നേട്ടമായി.

വിലപ്പെട്ട ചർച്ചകളും നിർദ്ദേശ ങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് സമ്മേളനം സമാപിച്ചത്.

ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി യുടെ പ്രഖ്യാപനം അതേപടി സ്വീക രിച്ചുകൊണ്ട് സമ്മേളനം കഴിഞ്ഞ് 34–ാം ദിവസം സപ്ലൈകോ സാധന ങ്ങൾ ഉത്ഘാടനം ചെയ്തതും സിവിൽ സപ്ലൈസ് മന്ത്രി തന്നെ യാണ്. അതിനുശേഷം വീണ്ടും വൻ വിജയത്തോടെ അവശ്യസാധന ങ്ങളുടെ വിതരണം കുറഞ്ഞ വില യ്ക്ക് പൂജപ്പുര, മുടവൻമുഗൾ, പുന്ന യ്ക്കാമുഗൾ, ഫോറസ്റ്റ് ആഫീസ് പേരൂർക്കട, ശ്രീകാര്യം മേഖലകളിൽ സഞ്ചരിക്കുന്ന വാഹനത്തിൽ വില്പന നടത്തി തുടർന്നുള്ള ദിവസ ങ്ങളിലും ആവശ്യാനുസരണം മേഖ ലാടിസ്ഥാനത്തിൽ വിതരണം നടത്തു ന്നതാണ്.

നടപ്പുവർഷം ഫ്രാറ്റിന്റെ പ്രവർ ത്തന നേട്ടം ജില്ലയും കഴിഞ്ഞ് സം സ്ഥാനത്തെ 66 ലക്ഷം കുടുംബ ങ്ങൾക്ക് വൈദ്യുതി ചാർജ്ജ് ആശ്വാ സം പകരുന്ന വിധത്തിൽ വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ സിറ്റിംഗ്സിൽ ഫ്രാറ്റ് നടത്തിയ അപേക്ഷയും വാദമുഖങ്ങളും പ്രശസ്തി നേടിയി ട്ടുണ്ട്.

ചുരുങ്ങിയ ദിവസത്തിനുള്ളിൽ വികസന നിർദ്ദേശമടക്കം സന്ദർഭത്തി നൊത്ത് ഉയർന്ന്, പ്രതികരിക്കേണ്ട വിഷയങ്ങളിൽ നാല്പതോളം പ്രസ്താവനകളും നിർദ്ദേശങ്ങളും ശ്രദ്ധിക്കപ്പെടുന്ന പ്രാധാന്യത്തോടെ പ്രചരപ്രചാരം നേടിയിട്ടുള്ള പത്രങ്ങ ളിൽ പ്രത്യക്ഷപ്പെട്ടുവരുന്നത് പ്രവർത്തനത്തിന്റെ പടവുകളിൽ ഉന്നത ശ്രേണിയിലെത്തിച്ചിട്ടുണ്ട്. മേഖല–യൂണിറ്റ് യോഗങ്ങൾ വളരെ യേറെ പ്രാധാന്യത്തോടെയും ജന പങ്കാളിത്തത്തോടെയും നടത്തി വരുന്ന യോഗതീരുമാനങ്ങളും പ്രസി ദ്ധീകരണത്തിന് വിധേയമാകുന്നതോ ടൊപ്പം ഫ്രാറ്റിന്റെ ശബ്ദമായതിനാൽ പരിഹാരവും കാണുന്നു. തുടർന്നും നിരന്തരമായ സമ്മർദ്ദവും പ്രചര ണവും പ്രസ്താവനയും ഇടപെടലും കൊണ്ട് 17–ാം വർഷം നേട്ടങ്ങളുടെ വർഷമാകുന്നതിനുള്ള പ്രവർത്തനം നടത്താൻ ഇന്നുള്ള ഭരണസമിതിക്ക് കഴിയുമെന്ന് ദൃഢമായി വിശ്വസി ക്കുന്നു. സഹകരണം പ്രതീക്ഷിച്ചു കൊണ്ട് മേഖല, യൂണിറ്റു പ്രവർത്ത നം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകണമെന്നഭ്യർത്ഥിക്കുന്നു. ●

# മിൽമയുടെ കെടുകാര്യസ്ഥതയ്ക്കെതിരെ ഫ്രാറ്റ് പ്രക്ഷോഭത്തിലേക്ക്

മിൽമയുടെ കെടുകാര്യസ്ഥത യ്ക്കെതിരെയും അന്യായമായി പാൽ വില വർദ്ധിപ്പിക്കാൻ ശ്രമി ക്കുന്നതിനെതിരെയും ഫ്രാറ്റ് ശക്ത മായ പ്രക്ഷോഭപരിപാടി സംഘ ടിപ്പിക്കാൻ തീരുമാനിച്ചു. ഗുണ നിലവാരമുള്ള പാല് ഉപഭോ ക്താക്കൾക്ക് കൊടുക്കുന്നതിൽ മിൽമ അമ്പേ പരാജയപ്പെട്ടു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാജ്യ ങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പാൽ പ്പൊടി വെള്ളം ചേർത്ത് കവറി ലാക്കി കൊടുക്കുന്ന പണിയാണ് ഇപ്പോൾ മിൽമയ്ക്കുള്ളത്. പാൽ വില വർദ്ധിപ്പിക്കുന്നതുകൊണ്ട് ക്ഷീര കർഷകർക്ക് യാതൊരു പ്രയോജന വും ഇല്ല. ഈ സാഹചര്യ ത്തിലാണ് ഫ്രാറ്റ് പ്രക്ഷോഭത്തിന് തയ്യാറെടു ക്കുന്നത്. മെയ് 26ന് രാവിലെ 10.30ന് പട്ടത്തുള്ള മിൽമ ഹെഡ്ഡാഫീസിന് മുന്നിൽ നടത്തുന്ന കൂട്ട ധർണ്ണ യിൽ പങ്കെടുക്കുന്നതിനായി മുഴു വൻ റസിഡന്റ്സ് അസോസി യേഷൻ പ്രവർത്തകരും അന്നേ ദിവസം രാവിലെ 10 മണിക്ക് പട്ടം ജംഗ്ഷനിൽ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

# ജനറൽ സെക്രട്ടറി എഴുതുന്നു....

**അഡ്വ. പുഞ്ചക്കരി ജി. രവീന്ദ്രൻനായർ**
ജനറൽ സെക്രട്ടറി, ഫ്രാറ്റ്

വഴമയും പെരുമയും ധാരാളം പറയാനുള്ള ജില്ലയാണ് തിരുവനന്തപുരം. വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കും വേണ്ടി ദാഹിക്കുന്ന ജില്ല. അവഗണിക്കാൻ ഏറ്റവും അനുയോജ്യമായ മണ്ണും. ഭരണസിരാകേന്ദ്രമെന്ന ഇടത്താവളം മാത്രമാണ് ജില്ലയ്ക്കാശ്വാസം.

പ്രകൃതിരമണീയതകൊണ്ടും സമ്പന്നമായ തിരുവനന്തപുരത്തിന്റെ വികസനസ്വപ്നങ്ങൾക്കു പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. സംസ്ഥാനത്തെ ഇതരജില്ലകൾ തലസ്ഥാന ജില്ലയെ അസൂയയോടെ കാണുമ്പോൾ അവഗണിക്കപ്പെടുക എന്നതുമാത്രമാണ് തലസ്ഥാനത്തിനുള്ള പോംവഴി.

തലസ്ഥാന വികസനത്തിന് ഏറെ പ്രാധാന്യം നൽകുമെന്ന് ബന്ധപ്പെട്ടവർ ഉദ്ഘോഷിക്കുമ്പോഴും പ്രധാനപ്പെട്ട പല ഓഫീസുകളും തിരുവനന്തപുരത്തുനിന്നും അപ്രത്യക്ഷമാകുന്ന കാഴ്ചയാണ് നാം കണ്ടുവരുന്നത്. പല ഓഫീസുകളും ഇപ്പോൾ ക്യൂവിലാണ്; ഇതര ജില്ലകളിലേക്കു മാറ്റപ്പെടുവാൻ. ഇൻഡസ്ട്രിയൽ ട്രിബൂണൽ തലസ്ഥാനത്തുനിന്നും നീക്കപ്പെടുന്നതിനു പിന്നാലെ തിരുവനന്തപുരത്തിനനുവദിച്ച റയിൽവേ മെഡിക്കൽ കോളേജും എറണാകുളത്തിന്റെ കേന്ദ്രമന്ത്രി വഴി കടത്തു കൂലിയില്ലാതെ യാത്ര പറയുകയാണ്.

ഇക്കാര്യങ്ങളിൽ ശക്തമായി പ്രതികരിക്കുവാൻ-സ്വതന്ത്രവും നിഷ്പക്ഷവുമായി അഭിപ്രായം പ്രകടിപ്പിക്കുവാൻ - നീതിപൂർവ്വമായി ഇടപെടാൻ - ഇടംവലം നോക്കാതുള്ള ഇടപെടലിനു മുൻകൈയെടുക്കാൻ- ഇന്ന് ഫ്രാറ്റിനു മാത്രമേ കഴിയുന്നുള്ളൂയെന്ന യാഥാർത്ഥ്യം സാധാരണക്കാർ മുതൽ ഭരണസിരാകേന്ദ്രങ്ങളിലെ പ്രമുഖർ വരെ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്.

തലസ്ഥാനജില്ലയെ മെട്രോനഗരമാക്കി മാറ്റിക്കൊണ്ട് വികസനത്തിന് ആക്കം കൂട്ടാനുള്ള നടപടിക്കും കടിഞ്ഞാൺ വരുന്നതായി അറിവു കിട്ടിത്തുടങ്ങിയിരിക്കുന്നു.

സംസ്ഥാനത്താദ്യമായി പൊതുവിതരണത്തിൽ പങ്കാളിയായും, ഫ്ളാറ്റുകൾക്കു നിയന്ത്രണമേർപ്പെടുത്തണമെന്നും ജില്ലയിലെ ഇടറോഡുകൾ ഉൾപ്പെടെയുള്ളവയുടെ അറ്റകുറ്റപ്പണികൾ, ടാറിംഗ് മുതലായവ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും, വിഴിഞ്ഞം തുറമുഖം, പൂവ്വാർ കപ്പൽ നിർമ്മാണശാല, ടിൻസിറ്റി പ്രോജക്ട്, റയിൽവേ വികസനം, നേമത്ത് കോച്ച് റിപ്പയറിംഗ് കേന്ദ്രം, റയിൽവേ സോൺ, മെഡിക്കൽ കോളേജിന് ഉന്നതപദവി, തീരദേശ പോലീസ് സ്റ്റേഷനുകൾ, ഹെൽമറ്റു വിഷയത്തിൽ നിയമനിർമ്മാണം, കെട്ടിട നിർമാണ ചട്ടങ്ങളിൽ കാലാനുസൃതമായി മാത്രമുള്ള മാറ്റങ്ങൾ, സാന്ത്വനചികിത്സ, തിരുവനന്തപുരത്ത് ഇലക്ട്രോണിക് ഹബ്ബ്, മേനംകുളത്ത് ഇലക്ട്രോണിക് സിറ്റി, കോവളം വികസനത്തിന് സമീപപ്രദേശങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടു സമഗ്രമായ മാസ്റ്റർ പ്ലാൻ, പേപ്പാറ- പൊന്മുടി വികസനം, കേശവദാസപുരം-കിഴക്കേകോട്ട ഫ്ളൈഓവർ, അനുബന്ധ ഫ്ളൈഓവറുകൾ, ആവശ്യമായി വരുന്ന ഭാഗങ്ങളിൽ അണ്ടർപാസേജുകൾ, കോട്ടൂർ അംബാസമുദ്രം നാഷണൽ ഹൈവേ, വെള്ളായണിക്കായലിൽ കാർഷിക കോളേജിനേയും കാക്കാമൂലയേയും ബന്ധിപ്പിച്ചുകൊണ്ടുള്ള തൂക്കുപാലം, ചിത്രാഞ്ജലി ഫിലിംസ്റ്റുഡിയോയിൽ ഫിലിംസിറ്റി, അവിടെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ തിയേറ്റർ കോംപ്ലക്സ്, കോലിയക്കോടു വില്ലേജിൽ കിൻഫ്രാ അപ്പാരൽ പാർക്ക്, ബയോടെക്നോളജി പാർക്ക്, പാർവ്വതീ പുത്തനാർ നവീകരിച്ച് ഉല്ലാസയാത്രയും ബോട്ടു സർവ്വീസ് ഏർപ്പെടുത്തിയും ഇരുകരകളിലും ഉദ്യാനസദൃശമായി ചെടികൾ വച്ച് പിടിപ്പിച്ചും അഴുക്കുചാൽ എന്ന ദുഷ്പേർ മാറ്റി നഗരസൗന്ദര്യത്തിന്റെ ഭാഗമാക്കി മാറ്റിയും, തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് പുനസ്ഥാപിച്ചും തിരുവനന്തപുരത്തിന്റെ ആവശ്യങ്ങൾ നിറവേറ്റണമെന്നും ജില്ലയുടെ പ്രാധാന്യം വർധിപ്പിക്കണമെന്നും ശക്തമായി ആവശ്യപ്പെടാൻ ഫ്രാറ്റ് ഉണർവോടെ രംഗത്തുണ്ട് എന്നത് നിസ്തർക്കമായ വസ്തുതയാണ്.

ജനതയുടെ അവകാശങ്ങൾ അധികാരകേന്ദ്രങ്ങളിലെത്തിക്കാനും നടപ്പിലാക്കിക്കൊടുക്കാനും കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാട്ടാനും ശരിയായ കാര്യങ്ങളെ അനുകൂലിക്കാനും സൽപ്രവൃത്തികളെ പ്രോത്സാഹിപ്പിക്കാനും അഭിനന്ദിക്കാനും ഫ്രാറ്റ് ജാഗ്രതയാർന്ന പ്രവർത്തനത്തിലാണ്.

അംഗ അസോസിയേഷനുകളുടെയും അതുവഴി തിരുവനന്തപുരത്തെ ജനസാമാന്യത്തിന്റേയും പ്രേരണകളും നിർദ്ദേശങ്ങളും നിർബന്ധങ്ങളും വിമർശനങ്ങളുമെല്ലാം ഫ്രാറ്റ് ഉൾക്കൊള്ളുന്നു. തിരുവനന്തപുരത്തിന്റെ കണ്ണിലുണ്ണിയായ്... ●

അഭിമുഖം

# ഫ്രാറ്റുമായി യോജിച്ച് ജനസമ്പർക്ക പരിപാടിക്ക് തയ്യാർ -ജില്ലാകളക്ടർ

**എം.എസ്. ശ്രീകാര്യം**

ഫ്രാറ്റുമായി യോജിച്ചുകൊണ്ട് അടിസ്ഥാന ജനകീയ പ്രശ്നങ്ങളുടെ പരിഹാരത്തിനായി ജനസമ്പർക്ക പരിപാടി തിരുവനന്തപുരം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ജില്ലാ ഭരണ കൂടത്തിനുവേണ്ടി സംഘടിപ്പിക്കുവാൻ തയ്യാറാണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ സഞ്ജയ് കൗൾ ഐ.എ.എസ്. ഫ്രാറ്റ് ട്രഷററും ഫ്രാറ്റ് ന്യൂസ് എഡിറ്ററുമായ എം.എസ്. ശ്രീകാര്യത്തിന് അനുവദിച്ച പ്രത്യേക അഭിമുഖത്തിൽ വ്യക്തമാക്കി.

തിരുവനന്തപുരത്തെ ഏറ്റവും വലിയ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനായ ഫ്രാറ്റിന് തിരുവനന്തപുരത്തെ ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ അതിവേഗത്തിൽ തിരിച്ചറിയാനും പ്രതികരിക്കുവാനും കഴിയുമെന്നതുകൊണ്ടാണ് താൻ ഈ നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കുടിവെള്ളം, വൈദ്യുതി, റോഡ്, റേഷൻ വിതരണം, ഗ്യാസ് വിതരണം, വസ്തു പോക്കുവരവ്, ക്രമസമാധാന പരിപാലനം, മതമൈത്രി സംരക്ഷണം എന്നീ മേഖലകളിൽ ഫ്രാറ്റിനേറെ സംഭാവനകൾ നൽകാൻ കഴിയുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള സർക്കാരിന്റേയും ജില്ലാ ഭരണകൂടത്തിന്റെയും ഒരു ഹസ്തദാനമായി ഈ പരിപാടി മാറണമെന്നും അദ്ദേഹം പറഞ്ഞു. ഇതിനായി സ്ഥലം എം.പി, എം.എൽ.എ, തദ്ദേശഭരണ പ്രതിനിധികൾ എന്നിവരെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഈ ജനസമ്പർക്ക പരിപാടി മികവുറ്റതാക്കാൻ ഫ്രാറ്റിനു കഴിയുമെന്നും ജില്ലാ ഭരണകൂടം അതിനുവേണ്ട എല്ലാ രംഗ സജ്ജീകരണങ്ങളും ഒരുക്കുവാൻ തയ്യാറാണെന്നും തിരുവനന്തപുരം ജില്ലാ ഭരണത്തലവനായ ജില്ലാ കളക്ടർ ശ്രീ. കൗൾ ഫ്രാറ്റിന് ഒരു സന്ദേശമെന്ന പോലെ കൈമാറി.

ഈ ജനസമ്പർക്ക പരിപാടികളിൽ ഉന്നയിക്കുന്ന വിഷയങ്ങൾ മുൻകൂട്ടി എഴുതി നൽകുകയാണെങ്കിൽ കഴിവതും പ്രതിവിധി ഉടൻ തന്നെ നിശ്ചയിക്കുവാൻ കഴിയുമെന്നും അദ്ദേഹം അറിയിച്ചു. ഇതിനായി ഫ്രാറ്റിന്റെ 700ൽപരം റസിഡന്റ്സ് അസോസിയേഷനുകളേയും രംഗത്തിക്കുവാൻ അദ്ദേഹം ഫ്രാറ്റ് ഭാരവാഹികളോടഭ്യർത്ഥിച്ചു. ഫ്രാറ്റിന്റെ വിവിധ മേഖലകൾ കേന്ദ്രീകരിച്ച് ഇത്തരം ജനസമ്പർക്ക പരിപാടി നടത്തുന്നതാവും ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമെന്നും അദ്ദേഹം പറഞ്ഞു.

ഇതോടൊപ്പം ജില്ലയുടെ പൊതു വികസന പരിപാടികൾ ചർച്ച ചെയ്യുവാനും ഗുണകരമായവ ഏറ്റെടുക്കുവാനും നടപ്പു പദ്ധതികളുടെ പ്രശ്ന പരിഹാരത്തിനുമായി ദ്വിമാസ ത്രൈമാസ യോഗങ്ങൾ കളക്ടറേറ്റിൽ ഫ്രാറ്റു ഭാരവാഹികളുമായി ചേരുന്നതിനും കളക്ടർ സന്നദ്ധത പ്രകടിപ്പിച്ചു.

തിരുവനന്തപുരം ഇപ്പോഴും ഇന്ത്യയിലെ മനോഹരമായ ഒരു നഗരം തന്നെയാണെന്നും ഇവിടെ ജീവിക്കുന്നത് ഒരു സൗഭാഗ്യമാണെന്നും വടക്കേ ഇന്ത്യക്കാരനായ സഞ്ജയ് കൗൾ പറഞ്ഞു. ഈ നഗരത്തിന്റെ മേന്മയുടെ പരിപാലനത്തിൽ ശ്രദ്ധിക്കുക എന്നത് ഫ്രാറ്റിന്റെ പ്രഥമ കർത്തവ്യങ്ങളിലൊന്നായി കാണണമെന്നും അദ്ദേഹം വ്യക്തമാക്കി. ഈ നഗരത്തിലെ ജീവിത നിലവാരവും, ജീവിത ഗുണമേന്മയും നിലനിർത്തുവാനും എല്ലാവർക്കും ഉറപ്പാക്കുവാനും ഫ്രാറ്റിനെപ്പോലുള്ള സംഘടനകൾക്ക് അതിപ്രധാന പങ്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഫ്രാറ്റിന്റെ അടിസ്ഥാന ലക്ഷ്യങ്ങളായ സാമൂഹിക സുരക്ഷയും വികസനവും എന്നതിൽ നിന്നും സംഘടന ഒരിക്കലും വ്യതിചലിക്കരുതെന്നും അങ്ങനെ ചെയ്താൽ നാട്ടിലെ പല സ്വതന്ത്ര ജനകീയ പ്രസ്ഥാനങ്ങൾക്കും സംഭവിച്ച മൂല്യച്യുതി ഫ്രാറ്റിനേയും പിൻതുടർന്നേക്കാമെന്നും അതിനാൽ ഇക്കാര്യത്തിൽ ഓരോ റസിഡന്റ്സ് അസോസിയേഷനും ബദ്ധശ്രദ്ധരാകണമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി.

വലിയ സംഘടനകൾക്ക് വലിയ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടി വരും. ഫ്രാറ്റിന് അത്തരത്തിലുള്ള നഗരത്തിന്റെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ കരുത്തുണ്ടാകട്ടെ എന്നു പ്രത്യാശിച്ച അദ്ദേഹം ഫ്രാറ്റിന്റെ എല്ലാ അംഗങ്ങളേയും വ്യക്തിപരമായി തന്റെ ആശംസകൾ അറിയിക്കുകയും ചെയ്യുകയുണ്ടായി

# അവശ്യസാധനങ്ങൾ വീട്ടുപടിക്കൽ

**എ. ഗോപകുമാർ**
വൈസ് പ്രസിഡന്റ്, ഫ്രാറ്റ്

ഫ്രാറ്റിന്റെ കഴിഞ്ഞ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു കൊണ്ട് നമ്മുടെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. സി. ദിവാകരൻ നടത്തിയ പ്രഖ്യാപനത്തിൽ അവശ്യ ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രണയജ്ഞത്തിന്റെ ഭാഗമായി ഭക്ഷ്യസാധനങ്ങൾ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും ഫ്രാറ്റിന്റെ നേതൃത്വത്തിൽ റസിഡന്റ്സ് അസോസിയേഷനുകളിൽ വിതരണം ചെയ്യാൻ സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാണെന്നു പറയുകയുണ്ടായി. ഓരോ പ്രദേശത്തും ആവശ്യമുള്ള വിൽപ്പന റസിഡന്റ്സ് അസോസിയേഷനുകൾ ഉറപ്പാക്കിയാൽ അസോസിയേഷനുകളുടെ നേതൃത്വത്തിൽ പ്രാദേശിക മാവേലിസ്റ്റോറുകൾ തുടങ്ങുവാൻ വകുപ്പ് സന്നദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. ഈ പശ്ചാത്തലത്തിൽ ഫ്രാറ്റ് കേന്ദ്ര ഭാരവാഹികളും ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പ് ഉദ്യോഗസ്ഥരുമായി വിവിധ തലങ്ങളിൽ നടത്തിയ ചർച്ചയുടെ ഫലമായി പ്രസ്തുത സംരംഭത്തിനു രൂപം നൽകുവാൻ തീരുമാനിച്ചു.

ഫ്രാറ്റിന്റെ പതിനാലാം മേഖലയുടെ ആഭിമുഖ്യത്തിൽ മണക്കാട് എം.എസ്.കെ. നഗർ റസിഡന്റ്സ് അസോസിയേഷനിൽ വച്ച് ആദ്യ വില്പനയുടെ ഔപചാരികമായ ഉദ്ഘാടനം ബഹു. സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. സി. ദിവാകരൻ മാർച്ചുമാസം 18–ാം തീയതി നിർവ്വഹിക്കുകയുണ്ടായി. കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയാൻ സർക്കാരിനോടൊപ്പം ഫ്രാറ്റ് ഭാരവാഹികളും സഹകരിക്കണമെന്നു മന്ത്രി ആവശ്യപ്പെട്ടു. നിത്യോപയോഗ



*നിത്യോപയോഗ സാധനങ്ങൾ റസിഡന്റ്സ് അസോസിയേഷനുകൾ വഴി വിതരണം ചെയ്യുന്ന പരിപാടിയുടെ ഉദ്ഘാടനം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി സി.ദിവാകരൻ ഫ്രാറ്റ് പ്രസിഡന്റ് പട്ടം ശശിധരൻനായർക്ക് ആദ്യവിൽപ്പന നടത്തി നിർവഹിക്കുന്നു*

സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 30% മുതൽ 70% വരെ വില കുറവിലാണ് മൊബൈൽ മാവേലിസ്റ്റോർ വഴി വില്പന നടത്തുന്നത്. തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ വില്പന നടത്തുന്നതിനു ഒരു വാഹനം മാത്രമെ സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ചിട്ടുള്ളു. ആയതിനാൽ അംഗങ്ങൾ ആവശ്യപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും എത്തിക്കുവാൻ സാധിക്കുന്നില്ല. ജില്ലയുടെ പലഭാഗങ്ങളിൽ നിന്നും നിരവധി റസിഡന്റ്സ് അസോസിയേഷനുകൾ മൊബൈൽ വാഹനത്തിന്റെ സേവനം ആവശ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ കൂടുതൽ വാഹനം വാങ്ങി വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റണമെന്നമെന്നുള്ള ഫ്രാറ്റിന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണനയിലാണെന്നു അറിയാൻ സാധിക്കുന്നു.

ഏപ്രിൽ ഇരുപത്തിഒന്നാം തീയതി പതിമൂന്നാം മേഖലയിൽപ്പെട്ട പൂജപ്പുര ഉണ്ണി നഗർ റസി. അസോസിയേഷൻ, മുടവൻമുഗൾ റസിഡന്റ്സ് അസോസിയേഷൻ, പുന്നയ്ക്കാമുഗൾ റസിഡന്റ്സ് അസോസിയേഷൻ, വഴുതക്കാട് ഫോറസ്റ്റ് ആഫീസ് ലെയിൻ റസി. അസോസിയേഷൻ എന്നീ അസോസിയേഷനുകളുടെ അഭ്യർത്ഥന പ്രകാരം ടി സ്ഥലങ്ങളിൽ മൊബൈൽ മാവേലി സ്റ്റോർ വഴി നിത്യോപയോഗസാധനങ്ങളുടെ വില്പന സംഘടിപ്പിച്ചിരുന്നു. തുടർന്ന് പേരൂർക്കട മേഖലയിലും ശ്രീകാര്യം മേഖലയിലും അങ്ങനെ ഫ്രാറ്റ് ഏറ്റെടുത്ത പരിപാടി തുടരുകയാണ്. ഫ്രാറ്റ് പ്രസിഡന്റ് പട്ടം ശശിധരൻനായർ, ജനറൽ സെക്രട്ടറി അഡ്വ. പുഞ്ചക്കരി രവി, വൈസ് പ്രസിഡന്റ് എ. ഗോപകുമാർ, ജോയിന്റ് സെക്രട്ടറി ജി. രാധാകൃഷ്ണൻ, പി.ആർ.ഒ. ജഗതി ശിവൻതമ്പി എന്നീ കേന്ദ്ര നേതാക്കളുടെ മുഴുവൻ സമയസാന്നിദ്ധ്യം ഉണ്ടായിരുന്നു. സാധനങ്ങൾ വാങ്ങു

*(ശേഷം പേജ് 21–ൽ)*

# 16-ാം വാർഷികസമ്മേളനം- ഒരവലോകനം

**ജഗതി ശിവൻതമ്പി**
ജനറൽ കൺവീനർ

അവശ്യഭക്ഷ്യ സാധനങ്ങളുടെ വില നിയന്ത്രണയജ്ഞത്തിന്റെ ഭാഗമായി, ഭക്ഷ്യ സാധനങ്ങൾ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി നഗരത്തിലെയും പ്രാന്ത പ്രദേശങ്ങളിലെയും റസിഡന്റ്സ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ വിതരണം ചെയ്യുവാൻ സിവിൽ സപ്ലൈസ് വകുപ്പ് സന്നദ്ധമാണെന്ന് ഭക്ഷ്യവകുപ്പ് മന്ത്രി സി. ദിവാകരൻ പ്രസ്താവിച്ചു. ഫ്രാറ്റിന്റെ 16-ാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാവേലി സ്റ്റോറുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമുള്ള വിൽപ്പന ഉറപ്പാക്കിയാൽ, ഓരോ അസോസിയേഷന്റെയും നേതൃത്വത്തിൽ പ്രാദേശിക മാവേലിസ്റ്റോറുകൾ തുറന്നു പ്രവർത്തി ക്കുവാനും വകുപ്പ് സന്നദ്ധമാണെന്ന് ഭക്ഷ്യ മന്ത്രി 700-ൽപ്പരം റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ പങ്കെടുത്ത ഫ്രാറ്റ് പ്രതിനിധി സമ്മേളനത്തെ അഭി സംബോധന ചെയ്തു കൊണ്ട് പ്രഖ്യാപിച്ചു.

ഗ്യാസ് സിലിണ്ടറുകളുടെ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഫ്രാറ്റ് പ്രതിനിധികളുടെയും പ്രമുഖ ഗ്യാസ് ഏജൻസി പ്രതിനിധികളുടെയും ഒരു യോഗം സിവിൽ സപ്ലൈസ് മന്ത്രി തന്നെ മുൻകൈ എടുത്ത് വിളിച്ചു കൂട്ടി ഗ്യാസ് വിതരണ കാലതാമസം ഒഴിവാക്കി നടപ്പിലാക്കാമെന്നും മന്ത്രി സമ്മേളനത്തിൽ ഉറപ്പ് നൽകി.

പൊതുവിതരണ സംവിധാനം വഴി സർക്കാർ നൽകുന്ന അരി, ഗോതമ്പ്, മണ്ണെണ്ണ തുടങ്ങിയവ ആവശ്യക്കാരന്റെ കൈവശം എത്തുന്നതിൽ വിഘാതം സൃഷ്ടിക്കുന്ന കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടയുവാൻ സർക്കാരിനൊപ്പം റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികളും സഹകരിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

എ.പി.എൽ, ബി.പി.എൽ കാർഡ് വിതരണത്തിലെ അപാകത കൾ പരിഹരിക്കുന്നതിന് ഫ്രാറ്റ് വിവിധ റസിഡന്റ്സ് അസോസിയേ ഷനുകളിലൂടെ ശേഖരിക്കുന്ന അപേ ക്ഷകൾ മുൻഗണനാക്രമത്തിൽ തീർപ്പു കൽപ്പിക്കുന്നതിനും തയ്യാ റാണെന്ന് മന്ത്രി അറിയിച്ചു.

കേരളത്തിൽ ക്രമസമാധാന പാലനത്തിൽ റസി. അസോസിയേഷനുകൾ വഹിക്കുന്ന പങ്ക് ആഭ്യന്തര മന്ത്രി തന്നോട് പലവട്ടം പറഞ്ഞതായി സൂചിപ്പിച്ച മന്ത്രി നാട്ടിൽ പലേടത്തും നടക്കുന്ന അനഭിലഷണീയ പ്രവണതകൾക്കെതിരെ നിലകൊള്ളാൻ കെൽപ്പുള്ള ഒരു പുതിയ വോട്ട് ബാങ്ക് കൂടിയാണ് റസിഡന്റ്സ് അസോസിയേഷനുകളെന്നും മന്ത്രി പറഞ്ഞു.

നഗരവികസനം, നഗര മാനേജ്മെന്റ് എന്നിവ ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ അതിന്റെ നേതൃത്വ ഭാഗത്തേയ്ക്ക് റസിഡന്റ്സ് അസോസിയേഷനുകൾ മുന്നേറണമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

തുടർന്ന് ഫ്രാറ്റ് സ്മരണികയുടെ പ്രകാശനം, ഫ്രാറ്റ് ഡയറക്ടറി പ്രകാശനം എന്നിവ മന്ത്രി നിർവഹിച്ചു. തുടർന്ന് തലസ്ഥാന നഗര വികസനവും ക്രമസമാധാനവും എന്ന വിഷയത്തിൽ നടത്തിയ സിംബോസിയം റൂറൽ എസ്.പി. ശ്രീ.എൻ. ഗോപാലകൃഷ്ണൻ ഐ.പി.എസ്. ഉത്ഘാടനം ചെയ്തു. മുൻജനറൽ സെക്രട്ടറി അഡ്വ. പരണിയം ദേവകുമാർ തുടർന്ന് വിഷയാ വതരണ പ്രസംഗം നടത്തി.

ചടങ്ങിൽ പ്രമുഖ നാടകനടൻ വേട്ടക്കുളം ശിവാനന്ദൻ, എം.എ. (ഫിലോസഫി) രണ്ടാംറാങ്ക് നേടിയ നിമ്മി. എസ്.എസ്. എന്നിവരെ ആദരിച്ചു. ഫ്രാറ്റ് പ്രസിഡന്റ് പട്ടം ശശിധരൻനായർ അദ്ധ്യക്ഷനായിരുന്നു.

ചടങ്ങിനെ അഭിസംബോധന ചെയ്ത് ജനറൽ സെക്രട്ടറി സി. രാജഗോപാലൻ നായർ, ട്രഷറർ എം. എസ്. വേണുഗോപാൽ, ജനറൽ കൺവീനർ ജഗതി ശിവൻതമ്പി എന്നിവർ സംസാരിച്ചു. ഉച്ചയ്ക്കു ശേഷം സംഘടനാ പരിപാടികളും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. 2010 വർഷത്തെ ഭാരവാഹികളായി എം.വി. സുഗതൻ, അഡ്വ. വെണ്ണിക്കുളം ജോർജ് വർഗ്ഗീസ്, റ്റി.കെ. ഭാസ്ക്കരപ്പണിക്കർ, അഡ്വ. പരണിയം ദേവകുമാർ, സി. രാജഗോപാലൻനായർ (രക്ഷാധി കാരികൾ)

പട്ടം ശശിധരൻനായർ (പ്രസി ഡന്റ്), പുഞ്ചക്കരി രവി (ജനറൽ സെക്രട്ടറി) എം.എസ്. ശ്രീകാര്യം (ട്രഷറർ) എ. ഗോപ കുമാർ, പി. സുകുമാരൻ, മുത്തു ഷറഫ്, (വൈസ് പ്രസിഡന്റുമാർ) ജി. രാധാകൃഷ്ണൻ, പി.സതീഷ്കുമാർ, സുഗന്ധി എ. നായർ (ജോയിന്റ് സെക്രട്ടറിമാർ) ജഗതി ശിവൻതമ്പി (പബ്ലിക് റിലേഷൻസ്) കെ. സുകുമാരൻ (കൾച്ചറൽ സെൽ) അഡ്വ. ബി.ആർ. ശ്യാം (ലീഗൽ സെൽ) എസ്. രാധാകൃഷ്ണൻ (ഹെൽത്ത് കമ്മിറ്റി) വി. രാധാകൃഷ്ണൻനായര് (പബ്ലിക് ഗ്രിവൻസ് സെൽ) സി. ശ്യാം മോഹൻ (പബ്ലിസിറ്റി & പബ്ലിക്കേഷ ൻസ്) ഡി. ശ്രീദേവിഅമ്മ ( വനിതാ വിഭാഗം) എൻ. ബാബു, എ. ജോൺസൺ, എസ്. സതീഷ്ചന്ദ്രൻ നായർ, കെ.എ. സജി, ആർ. സദാശിവൻനായർ (സെക്രട്ടറിയേറ്റ് അംഗങ്ങൾ) എന്നിവരെയും 29 മേഖല ഭാരവാഹികളേയും സമ്മേളനം തെരഞ്ഞെടുത്തു. ●

## അർദ്ധവാർഷിക സമ്മേളനം ജൂൺ അവസാന വാരത്തിൽ

ഫ്രാറ്റിന്റെ 17–ാം അർദ്ധവാർഷിക സമ്മേളനം ജൂൺ അവസാനവാരത്തിൽ നടത്തുവാൻ തീരുമാനിച്ചു. സമ്മേളനത്തിൽ മന്ത്രിമാർ, എം.എൽ.എ.മാർ, എം.പി. മാർ, രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കും. സമ്മേളനത്തിന്റെ വിജയത്തിനായി മേഖലാ കമ്മിറ്റി കളുടെയും, റസിഡന്റ്സ് അസോസിയേഷനുകളുടെയും പൂർണ്ണ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിന്റെ വിജയത്തിനായി ജഗതി ശിവൻ തമ്പിയെ ജനറൽ കൺവീനറായും എൻ. ശിവകുമാറിനെ ജോയിന്റ് കൺവീനറായും തെരഞ്ഞെടുത്തു.


# KOTTAKKAL
# THE HEALING TOUCH OF AYURVEDA

The whole world looks to Kottakkal for authentic ayurveda. It was here that the great visionary Vaidyaratnam P.S. Varier founded the Arya Vaidya Sala in 1902.

The institution has grown up into a multi-unit, multi-crore organization with manifold activities in the field of healthcare.

- **Ayurvedic Hospital & Research Centre at Kottakkal, Delhi and Kochi**
- **Charitable Hospital at Kottakkal**
- **Panchakarma and kerala Special Treatments**
- **Two factories manufacturing over 500 formulations**
- **23 branches, 1300 exclusive authoried dealers**
- **Herb gardens**
- **Centre for medicinal Plant Research**
- **Germ Plasm Bank**
- **Well-equpped R &D Dept.**
- **PSV Natyasangham**
- **Publication Department**
- **Support to Ayurveda College at Kottakkal..**

AYURVEDA - THE AUTHENTIC WAY

Vaidyaratnam P.S. Varier's
ARYA VAIDYA SALA
(A CHARITABLE TRUST)
KOTTAKKAL - 676 503, KERALA



Tel: (0483) 2742216, Fax: (0483) 2742572/2742210
E-mail: koz_kotakal@sancharnet.in/avsho@sancharnet.in
Web: www.aryavaidyasala.com

MORE THAN HUNDRED YEARS OF SERVICE TO HUMANITY

# വർക്കലയോടുള്ള ആദരവ് ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കുന്നതിലൂടെ

**അഡ്വ. പരണിയം ദേവകുമാർ**
ജനറൽ സെക്രട്ടറി, റസിഡന്റ്സ് അപ്പക്സ് കൗൺസിൽ ഓഫ് കേരള (റാക്ക്)

വർക്കല പഞ്ചായത്ത് പ്രസിഡന്റ്, നിയമസഭാംഗം, നിയമസഭാ സ്പീക്കർ, പാർലമെന്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിക്കാനവസരം ലഭിച്ച, മുൻ പ്രധാനമന്ത്രി എ.ബി. വാജ്പേജ്, പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് തുടങ്ങിയവർ മികച്ച പാർലമെന്റേറിയൻ എന്ന് പ്രകീർത്തിച്ച, നിയമനിർമ്മാണസഭകളെ പോരാട്ടത്തിന്റെ വേദിയാക്കി മാറ്റിയ ഒരു അപൂർവ്വ വ്യക്തിത്വമായിരുന്നു സ്നേഹബഹുമാനപുരസ്സരം ഏവരും 'അണ്ണൻ' എന്നു വിളിച്ചിരുന്ന ശ്രീ. വർക്കല രാധാകൃഷ്ണൻ. ലോക്സഭ നിയന്ത്രിക്കുന്നതിനുള്ള പാനലിൽ ഉൾപ്പെട്ടിരുന്നു എന്നത് സഭാ നടപടികളിലും ചട്ടങ്ങളിലുമുള്ള അദ്ദേഹത്തിന്റെ അവഗാഹ പാണ്ഡിത്യത്തിന് തെളിവാണ്.

ഏതു സ്ഥാനത്തിരുന്നാലും താൻ ഉയർത്തിപ്പിടിക്കുന്നതും തനിക്ക് ശരി എന്ന് തോന്നുന്നതുമായ ആശയത്തിനുവേണ്ടി വിട്ടുവീഴ്ച ഇല്ലാതെ പ്രവർത്തിച്ചിരുന്ന ധിഷണാശാലി നേടിത്തരുന്നത് മിത്രത്തേയോ ശത്രുവിനെയോ എന്ന് നോക്കാതെ വെട്ടിത്തുറന്ന് അഭിപ്രായം പറയുന്ന പ്രകൃതം. അതിൽ ആർക്കെങ്കിലും കറുപ്പു തോന്നിയാൽ അടുത്ത നിമിഷം ആ കറുപ്പിനെ വെളുപ്പാക്കി മാറ്റുന്ന സ്വതസിദ്ധമായ ശൈലിക്കുടമ. വിശേഷണങ്ങൾ ഏറെയാണണ്ണന്.

തലസ്ഥാന നഗരിയിൽ ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കണമെന്ന മുദ്രാവാക്യം മുഴങ്ങിയ 1958 മുതൽ അന്ത്യശ്വാസം വലിച്ച നാൾ വരെ, ആ മുദ്രാവാക്യത്തോടൊപ്പം സഞ്ചരിച്ച ഏക വ്യക്തിത്വം എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാം.



1956 നവംബർ 1ന് ഐക്യകേരളം രൂപം കൊള്ളുകയും ഹൈക്കോടതിയുടെ ആസ്ഥാനം കൊച്ചിയായി നിശ്ചയിക്കുകയും ചെയ്തപ്പോൾ തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് നിലനിർത്തിയിരുന്നു. 1958 മാർച്ച് 3ന് ഒരു വാക്കാൽ ഉത്തരവുപ്രകാരം പ്രസ്തുത ഹൈക്കോടതി ബഞ്ച് നിർത്തലാക്കിയതുമുതൽ 'തലസ്ഥാനത്ത് ഫയലിംഗ് അധികാരത്തോടുകൂടിയ ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കുക' എന്ന മുദ്രാവാക്യം ഉയർത്തി നടന്ന വലുതും ചെറുതുമായ എല്ലാ പോരാട്ടങ്ങളിലും വർക്കലയുടെ സാന്നിദ്ധ്യം കാണാനാകും. താൻ അംഗമായിരുന്ന നിയനിർമ്മാണസഭകളേയും അദ്ദേഹം ഈ ആവശ്യത്തിനുള്ള പോരാട്ടവേദിയാക്കി മാറ്റി.

1958ലും 2004ലും സംസ്ഥാന നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കുകയും നിരവധി തവണ മന്ത്രിസഭ തീരുമാനം കൈക്കൊള്ളുകയും ചെയ്ത ഈ വിഷയത്തിന്റെ സാക്ഷാത്ക്കാരത്തിനായി വഞ്ചിയൂർ കേന്ദ്രമായി 2008ൽ ആരംഭിക്കുകയും ഇപ്പോഴും തുടരുകയും ചെയ്യുന്ന ജനകീയ സമരത്തിന് തുടക്കം കുറിച്ചത് ഫെഡറേഷൻ ഓഫ് റസിഡന്റ്സ് അസോസിയേഷൻസ് തിരുവനന്തപുരം (ഫ്രാറ്റ്) ആണെന്നത് എക്കാലവും അഭിമാനത്തോടുകൂടി നമുക്ക് ഓർക്കാം. 08.2.2008ൽ "തന്നില്ലെങ്കിൽ പിടിച്ചെടുക്കും"എന്ന തെരുവുനാടകത്തിന്റെ അകമ്പടിയോടുകൂടി ശ്രീ. കെ. കരുണാകരനെയടക്കം പങ്കെടുപ്പിച്ചുകൊണ്ട് സെക്രട്ടറിയേറ്റിനു മുന്നിൽ ഫ്രാറ്റ് നടത്തിയ സമരത്തെ തുടർന്ന് 15.2.2008ൽ ബാർ അസോസിയേഷൻ സമരം ആരംഭിച്ചു. പ്രസ്തുത സമരം ഒരു ജനകീയ സമരമാക്കി മാറ്റാൻ ജില്ലയിലെ രാഷ്ട്രീയ–സാമൂഹ്യ സംഘടനകൾ 20.2.08ൽ യോഗം ചേർന്ന് രൂപം നൽകിയ സമരസഹായസമിതിയുടെ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട വർക്കല രാധാകൃഷ്ണൻ എല്ലാ അർത്ഥത്തിലും അർപ്പണ മനോഭാവത്തോടുകൂടിയ ഒരു പൂർണ്ണ സമയ മുന്നണിപ്പോരാളിയായിരുന്നു. ദില്ലിയിലേക്ക് പോകുന്ന വഴി, ദില്ലിയിൽ നിന്നും മടങ്ങിവരുന്ന വഴി, തിരുവനന്തപുരത്തുള്ള ദിവസങ്ങളിൽ പൂർണ്ണമായി വർക്കല സമരപ്പന്തലിലുണ്ടാകും. സമരത്തിന് ദിശാബോധവും, ചൂരും ചൂടും പകർന്നു തന്നിരുന്ന വർക്കല തലസ്ഥാന നഗരിയിൽ ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്ന ചുരുക്കം ചില രാഷ്ട്രീയ നേതാക്കളിൽ ഒരാളായിരുന്നു.

നിയമമന്ത്രി ശ്രീ. എം. വിജയ

കുമാർ അംഗവും ശ്രീ.വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയുമായ ഇന്നത്തെ മന്ത്രിസഭ ബഡ്ജറ്റിൽ തുക അനുവദിക്കുക, ഹൈക്കോടതി ബഞ്ചിനായി പഴയ കളക്ടറേറ്റ് മന്ദിരം മാറ്റി വയ്ക്കുക, സംസ്ഥാന ഗവർണ്ണറുടെ ശുപാർശയോടുകൂടി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള മെമ്മോറാണ്ടം കേന്ദ്രസർക്കാരിൽ സമർപ്പിക്കുക, മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും നേതൃത്വത്തിലുള്ള സർവ്വകക്ഷിസംഘം ഇൻഡ്യൻ പ്രസിഡന്റ്, പ്രധാനമന്ത്രി തുടങ്ങിയവരെ കണ്ട് നിവേദനം നൽകുക തുടങ്ങി എല്ലാ നടപടികളും പൂർത്തിയാക്കിയിട്ടും ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അനുമതി എന്ന കടമ്പ കടക്കാനാകാതെ വന്നപ്പോൾ സംസ്ഥാന പുനഃസംഘടനാനിയമം 128-ാം വകുപ്പിൽ പറയുംപ്രകാരം തടസ്സങ്ങൾ മാറ്റാനുള്ള അധികാരം ഉപയോഗിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് പ്രസിഡന്റിനെ ഉപദേശിക്കാൻ കേന്ദ്രമന്ത്രിസഭ തയ്യാറാകണമെന്ന ശരിയായ മുദ്രാവാക്യം രൂപപ്പെടുത്തുന്നതിനും ശ്രീ. വർക്കലക്കായി.

സമരസമിതിയുടെ സെക്രട്ടറിയായി പ്രവർത്തിക്കാനവസരം ലഭിച്ച ഈ ലേഖകന് വർക്കലയിലെ സമരനായകനെ അടുത്തറിയുവാനായി, ദൂരെ നിന്ന് കാണുമ്പോൾ തന്നെയുള്ള 'എടേ പരണിയം' എന്ന സ്നേഹമസൃണമായ വിളി ഇന്നും കാതുകളിൽ മുഴങ്ങുന്നു. ഏകദിന-അനിശ്ചിതകാല നിരാഹാര സമരങ്ങളിലെ പങ്കാളിത്തം ജില്ലയൊട്ടാകെ സംഘടിപ്പിച്ച പൊതുയോഗങ്ങൾ ഉൾപ്പെടെ ഹൈക്കോടതി ബഞ്ച് സമരത്തിൽ ഫ്രാറ്റ് വഹിച്ച പങ്കിനെ ഉയർത്തിക്കാട്ടുവാനും കുറച്ചു കാണാനാഗ്രഹിച്ചവരെ ശകാരിക്കാനുമുള്ള വലിയ മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു. ഫ്രാറ്റ് ഉൾപ്പെടെയുള്ള സംഘടനകളെ ഒഴിവാക്കിക്കൊണ്ട് ഒരു ദിനപത്രത്തിന്റെ സപ്ലിമെന്റ് പ്രസിദ്ധീകരിച്ചവർക്കെതിരെ സമരപ്പന്തലിൽ തന്നെ പൊട്ടിത്തെറിച്ചു എന്നത് അദ്ദേഹത്തിന്റെ നേരും നെറിയും വ്യക്തമാക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ ഫ്രാറ്റും സംസ്ഥാനത്തെ ഇതരജില്ലകളിലെ റസി. അസോസിയേഷനുകളിലെ സമാന ജില്ലാതല കേന്ദ്രസംഘടനകളും ചേർന്ന രൂപം നൽകിയിട്ടുള്ള റസിഡന്റ്സ് അപ്പക്സ് കൗൺസിൽ ഓഫ് കേരളാ റാക്ക്)യുടെ കഴിഞ്ഞ സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രധാന പ്രമേയം തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കുക' എന്നതായിരുന്നു. പത്രമാദ്ധ്യമങ്ങളിലൂടെ ഇത് വായിച്ചറിഞ്ഞ വിടർന്ന ചിരിയോടുകൂടിയ പ്രതികരണം അങ്ങനെ ഇത് സംസ്ഥാനത്തൊട്ടാകെയുള്ള ജനങ്ങളുടെ ആവശ്യമായി മാറി" എന്നതായിരുന്നു.

ഇന്നല്ലെങ്കിൽ നാളെ ഹൈക്കോടതി ബഞ്ച് ഇവിടെ അനുവദിക്കാതിരിക്കാനാകില്ല എന്ന് എപ്പോഴും പറയുമായിരുന്ന, തലസ്ഥാനനഗരിയിലെ കറുത്ത കുപ്പായക്കാര്യം "Your lordships' എന്ന് ന്യായാധിപന്മാരെ സംബോധന ചെയ്യുന്ന, സർക്കാർ ഉൾപ്പെടെയുള്ള വ്യവഹാരികൾക്ക് സംസ്ഥാന നിയമസഭാപ്രമേയങ്ങളുടേയും മന്ത്രിസഭാ തീരുമാനങ്ങളുടേയും അന്തഃസത്തക്കനുസരണം ഹൈക്കോടതി കേസുകൾ തിരുവനന്തപുരത്ത് ഫയൽ ചെയ്യുന്നതിനും നടത്തുന്നതിനും കഴിയുന്നതുവഴി സർക്കാർ ഖജനാവിന് ലാഭിക്കാനാകുന്ന കോടികൾ നിർമ്മാണ ക്ഷേമ പ്രവർത്തനത്തിന് ഉപയോഗിക്കാൻ കഴിയുന്ന ഒരു നല്ല നാളയെ സ്വപ്നം കണ്ടിരുന്ന ശ്രീ വർക്കല തന്റെ സ്വപ്നം ബാക്കി വച്ച് യാത്രയായി.

വർക്കലയെ സ്നേഹിക്കുന്ന, ബഹുമാനിക്കുന്ന, ആദരിക്കുന്ന രാഷ്ട്രീയ- സാമൂഹ്യ-സാംസ്കാരിക നേതൃത്വത്തിന് അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിക്കാൻ അദ്ദേഹം ബാക്കി വച്ചുപോയ ആ സ്വപ്നം ഫലപ്രാപ്തിയിലെത്തിക്കുക എന്നതിൽ കവിഞ്ഞൊന്നും ചെയ്യാനില്ല. ഈ ആവശ്യം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് മുന്നിൽ 'റാക്ക്' ഉന്നയിച്ചു കഴിഞ്ഞു. ആ സ്വപ്ന സാക്ഷാത്ക്കാരം എത്രയും വേഗം ഉണ്ടാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ●


**കുട്ടികളുടെ കളിപ്പാട്ടങ്ങൾ,**
**എല്ലാവിധ സൈക്കിളുകൾ,**
**വ്യായാമം ചെയ്യുവാനുള്ള**
**നവീന ഉപകരണങ്ങൾ എല്ലാം ഒരേ സ്ഥലത്ത്**

**ABAD**
**CYCLE CENTRE**



Pazhavangadi, Tvpm
Ph: 0471-247397
0471-2475979
9895308007



# ഇക്കോ ടൂറിസം : കാലഘട്ടത്തിന്റെ ആവശ്യം

**ജി. രാധാകൃഷ്ണൻ**

ടൂറിസത്തിലെ ഒരു നവീന ആശയമാണ് ഇക്കോടൂറിസം. വികസനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിനും പ്രാധാന്യം നല്കുന്നു. നൈസർഗ്ഗികമായ പ്രകൃതി സൗന്ദര്യത്തിന് യാതൊരു കോട്ടവും ഉണ്ടാക്കാതെ, അതിനെ അതിന്റെ തനിമയിൽ സംരക്ഷിച്ചുകൊണ്ട് ടൂറിസം വികസനത്തിന് പുതിയ സാധ്യതകൾ സൃഷ്ടിക്കുക എന്നതാണ് ഇക്കോടൂറിസത്തിന്റെ പരമമായ ലക്ഷ്യം. ഇതിലൂടെ സർക്കാരിന് സാമ്പത്തിക നേട്ടം കൈവരും എന്നത് ഒരു വസ്തുതയാണ്. അതോടൊപ്പം ആ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാകും എന്നതും മറ്റൊരു പ്രധാന സംഗതിയാണ്.

ടൂറിസത്തിന്റെ മറ്റുവിഭാഗങ്ങളെ അപേക്ഷിച്ച് ഇക്കോ ടൂറിസത്തിന് ചില മേന്മകളുണ്ട്. ഒന്നാമത് വളരെ കുറച്ച് ഇൻഫ്രാസ്ട്രെക്ച്ചറും അടിസ്ഥാന സൗകര്യങ്ങളും സർവ്വീസും ഇതിന് മതിയാകും. ഇക്കോ ടൂറിസം തെരഞ്ഞെടുക്കുമ്പോൾ ചെലവേറിയ താമസസൗകര്യങ്ങൾ ആഗ്രഹിക്കുന്നില്ല. അവർക്കുവേണ്ടത് പ്രകൃതിയുമായി ഏറ്റവും കൂടുതൽ അടുത്തുകഴിയാനുള്ള സൗകര്യമുണ്ടാകുക എന്നതാണ് രണ്ടാമത്. പരിസരപ്രദേശത്തുള്ള സാംസ്കാരികവും വർഗ്ഗപരവും മറ്റുമായ ചരിത്രപഠനത്തിന് ഇക്കോടൂറിസം സഹായകമാകും. എന്ന കാര്യത്തിൽ സംശയമില്ല. പ്രകൃതിയുടെ സമഗ്രലാവണ്യം ഭദ്രമായി സംരക്ഷിക്കാൻ ഈ പദ്ധതികൊണ്ട് സാധിക്കും. അതുകൊണ്ടുതന്നെയാണ് അന്തർദേശീയ വിനോദസഞ്ചാരമേഖലയിൽ ഇക്കോടൂറിസം എന്ന സങ്കല്പം യാഥാർത്ഥ്യമായി മാറിക്കൊണ്ടിരിക്കുന്നത്. പരിസ്ഥിതിയുടെ പഠനവിശകലനങ്ങൾ മുഖ്യമായി ഉൾപ്പെടുത്തിക്കൊണ്ടും ഇക്കോളജീയ സുസ്ഥിരത പാലിക്കപ്പെട്ടുകൊണ്ടും പ്രകൃതിയുമായി ബന്ധപ്പെട്ട വിനോദസഞ്ചാരം എന്നും ഇക്കോടൂറിസത്തെ നിർവ്വചിക്കാറുണ്ട്.

ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിക്കപ്പെടാറുള്ള കേരളം തനതായ പ്രകൃതിഭംഗികൊണ്ട് അനുഗ്രഹീതമാണ്. പ്രകൃതി സംരക്ഷണത്തിന്റെ നന്മകളെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കാനുതകുന്ന തരത്തിൽ പരിസ്ഥിതി പഠനത്തിനുള്ള അവസരമൊരുക്കുകയാണ് ഇക്കോടൂറിസം.

ഇക്കോടൂറിസത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളത്.

1. വിനോദസഞ്ചാരികൾക്ക് നൈസർഗിക സൗന്ദര്യം ആസ്വദിക്കാനുള്ള പ്രചോദനം സൃഷ്ടിക്കുക. അതിനനുസരിച്ച് പരിസരം ക്രമപ്പെടുത്തുക, പരിസ്ഥിതിയുടെ സമ്പൂർണ്ണ സംരക്ഷണത്തിന് ഊന്നൽ കൊടുക്കുക.

2. സഞ്ചാരികൾക്ക് അപൂർവമായ അനുഭവങ്ങളും അവിസ്മരണീയമായ അനുഭൂതികളും പ്രദാനം ചെയ്യത്തക്ക രീതിയിലുള്ള പ്രകൃതിയുടെ രൂപകല്പന ആവശ്യമാണ്.

3. തദ്ദേശവാസികൾക്ക് പ്രയോജനം ഉറപ്പാക്കുക. ഒപ്പം അവർക്ക് അനിവാര്യമായ ബോധവല്ക്കരണം നൽകുക

4. പരിസരവാസികൾ സഞ്ചാരികളെ യാതൊരു തരത്തിലും ചൂഷണം ചെയ്യുന്ന സ്ഥിതി വിശേഷം സംജാതമാകാതെ ശ്രദ്ധിക്കുക

5. പ്രാദേശിക കലാരൂപങ്ങൾ, സംസ്കാരം, ചരിത്രം ഇവ സഞ്ചാരികൾക്ക് ഗ്രഹിക്കാനുപകരിക്കുന്ന ബഹുമുഖ പരിപാടികൾ ആസൂത്രണം ചെയ്യുക.

6. സഞ്ചാരികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കാതെ നോക്കുക.

7. സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഒപ്പം അവർ മനഃപ്പൂർവ്വമോ, അശ്രദ്ധമൂലമോ സ്വാഭാവിക പ്രകൃതി സംവിധാനത്തിന് കോട്ടമുണ്ടാക്കില്ലെന്ന് ഉറപ്പുവരുത്തുക.

ടൂറിസം മേഖലയുടെ അനുസ്യൂതമായ പ്രവർത്തനം എന്ന സങ്കല്പം യഥാർത്ഥത്തിൽ പ്രതിഫലിക്കുന്നത് ഇക്കോ ടൂറിസത്തിലൂടെയാണ്. സഞ്ചാരികളുടെ എണ്ണം കൂടുമ്പോൾ ഇക്കോ ടൂറിസം വൻതോതിലുള്ള മാസ് ടൂറിസം ആകാറുണ്ട്. ഇത് കൂടുതൽ അടിസ്ഥാന സംവിധാനം സജ്ജമാക്കാൻ നിർബന്ധിക്കപ്പെടും. ആനുപാതികമായി പരിസ്ഥിതിയിൽ ആഘാതമേൽക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇവിടെ സ്വീകാര്യമായിട്ടുള്ളത് ചെറു സന്ദർശന സംഘങ്ങളെ ഉൾപ്പെടുത്തി ലക്ഷ്യബോധത്തോടെയുള്ള ഒരു സന്ദർശന പരിപാടിയായിരിക്കണം ഇക്കോ ടൂറിസം എന്നതാണ്. ഈ സന്ദേശം ജനങ്ങളിൽ എത്തിക്കപ്പെടുകയും വേണം.

ഇക്കോടൂറിസത്തിനുവേണ്ടി സമ്മർദ്ദങ്ങൾ ഏറെയുണ്ട്. എന്നാൽ വിനോദസഞ്ചാര വകുപ്പിനോ വനം

*ശേഷം പേജ് 14–ൽ*

# MEDICINE FREE LIFE

**Dr. Sankar Ram.R**
Medical Officer, Rajiv Gandhi Sports Medicine Centre,Tvm.
rgsmcdoc@gmail.com, 9447500991

I am thankful to Mr.G. Radha krishnan of FRAT for giving me an opportunity to present the time tested secret formula for a medicine free life.This formula can be followed by people from all walks of life, young, old, rich, poor, educated, uneducated, men and women.

This programme is a health and wealth builder,it increases the lifespan and improves the quality of life. It ensures happiness, freedom from depression, sound sleep and peace of mind. All this and more is possible without spending a single naya paisa. Lets look at the present scenario.The young and the old alike are falling prey to various ailments like hypertension,diabetes,heart diseases,cancers,infections etc. Kerala has already become the diabetic capital of india and the incidence of hypertension,heart disease,stroke and cancers are also rising in alarming proportions. All these calamities could be avoided by following this simple formula of healthy living.This has basically three components.

1. Avoid addictions like cigarettes, pan and alcohol.
2. Consume a nutritious healthy diet.
3. Get at least the required minimum levels of physical activity.

The first component is self explanatory.

The second a nutritious healthy diet will include eating in moderation and the daily intake of food arranged in such a way that it includes atleast three helpings of vegetables [raw as salads preferable] and atleast two helpings of fruits.Upto 2.7 million lives could be saved annually by increasing the fruit and vegetable consumption [WHO data].

Eating breakfast is absolutely essential.Given below is a summary of the food pyramid.Food items in the base of the pyramid can be consumed more and those on top like fats oils sweets and processed foods should be consumed sparingly.Another important aspect is to limit the intake of free sugars and reduce the consumption of salt from all sources[use only iodised salt].The overall aim is to achieve energy balance between intake of food and output as physical activity. Now let us move to the third and most important aspect-Physical activity or exercise.There are so many myths about physical activity.Some of them are Physical activity consumes too much time,I am already too busy....Physical activity is for the young,and not for the elderly like me .....I used to do a lot of exercise in my younger days,now i am taking treatment for various illnesses.....I



have never done any exercise in my life, so this is not for me......Exercising is expensive,it needs costly equipment,shoes etc.....Children are already very active so we neednt teach them about exercise..... All of the above are untrue and the benefits of exercise far outweigh all the arguements stated above.Infact studies have shown that physical activity can dramatically improve the performance of your brain.

**Physical activity is defined as any bodily movement produced by Skeletal muscles that need energy expenditure**

Thus walking, jogging, playing with children outdoors, gardening, yoga, cycling, cutting wood, carrying weights, swimming etc are all different modes of physical activity.Each person can select his or her own method.

Given below are some of the recommendations enumerated in the WORLD HEALTH ORGANISA TION WEBSITE.

Young People (5-18 Years old)

60 minutes of moderate- to vigorous-intensity physical activity each day that is developmentally appropriate and involves a variety of activities.

Adults (18-65 years old)

- 30 minutes of moderate-intensity physical activity 5 days per week;

OR

- 20 minutes of vigorous-intensity physical activity 3 days per week;

OR

- an equivalent combination of moderate-/vigorous-intensity physical activity;
- 8-10 muscular strengthening exercises (8-12 repetitions) at least 2 days per week.
- Older Adults (65+ years old)
- same recommendations as described for adults (outlined above) with due consideration for the intensity and type of physical activity appropriate for older people;
- exercises to maintain flexibility;
- balance exercises.

The elderly should consult a specialist doctor before starting the above protocol.

The intensity of physical activity varies between people.It depends on their level of fitness,previous exercise experience etc.

What is mentioned above is a short description of the lifestyle changes necessary for a medicine

free life.Lifestyle diseases are not a problem of the individual,it is a problem of the society.Hence a community approach is necessary for dealing with the issue.

Signing off by wishing all members of FRAT a medicine free life. ●

*ഇക്കോടൂറിസം തുടർച്ച...*

വകുപ്പിനു തന്നെയോ വേണ്ടത്ര സൗകര്യങ്ങളൊരുക്കാൻ കഴിയുന്നില്ല എന്നതാണ് ഇന്നത്തെ പ്രതിസന്ധി. വനംവകുപ്പിനെ മർമ്മപ്രധാനമായി കേന്ദ്രീകരിച്ചുകൊണ്ടുള്ള സമഗ്രമായ ഇക്കോടൂറിസം പരിപാടിയുടെ അനിവാര്യതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

കേരളത്തെ സംബന്ധിച്ചിടത്തോളം നിലവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.

1. ഇക്കോടൂറിസം പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമായി നമ്മുടെ സംസ്ഥാനത്തുള്ള 12 വന്യജീവി സങ്കേതങ്ങളും ദേശീയ ഉദ്യാനങ്ങളും

2. ജൈവവൈവിധ്യംകൊണ്ട് അനുഗ്രഹീതമായ നമ്മുടെ വനമേഖലകൾ.

3. അണക്കെട്ടുകളൊരുക്കുന്ന ജലാശയങ്ങളിലെ വിനോദവേളകൾ

4. സർക്കാരിന്റെ ബൃഹത്തായ ടൂറിസം പ്രചാരണ പരിപാടികൾ

5. മലകയറ്റം, സാഹസിക വനയാത്ര, പക്ഷി നിരീക്ഷണം മുതലായ ഇക്കോടൂറിസം പരിപാടികൾക്ക് വേണ്ടത്ര സാധ്യത.

6. വനമേഖലകളിലേയ്ക്ക് കടലോരത്തുനിന്നുള്ള ഹ്രസ്വദൂരം, ധാരാളം റോഡുകൾ മുതലായ പ്രാദേശിക നേട്ടങ്ങൾ.

7. വന്യജീവി സംരക്ഷണപരമായും ഇക്കോളജീയ കാര്യങ്ങളിലും പരിശീലനം ലഭിച്ചിട്ടുള്ള വനപാലകർ.

8. വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഹാനികരമാകുന്നതെന്തും സൂക്ഷ്മനിരീക്ഷണ വിധേയമാക്കാനാവുന്ന പ്രബുദ്ധരായ പൊതുജനങ്ങളും പ്രകൃതിസ്നേഹികളും.

ഇതൊക്കെയാണെങ്കിലും ഇക്കോടൂറിസത്തിന്റെ പോരായ്മകളും ശ്രദ്ധിക്കപ്പെടേണ്ടതായുണ്ട്. വനാന്തരങ്ങളിലെ ടെന്റുകൾ, മരക്കൊമ്പുകളിലെ ഏറുമാടങ്ങൾ മുതലായവയ്ക്ക് ധാരാളം പരിമിതികളുണ്ട്. ഇക്കോടൂറിസത്തിന്റെ സന്ദേശം, വിപണനം തുടങ്ങിയ കാര്യങ്ങലിൽ ലക്ഷ്യബോധമില്ലായ്മയും പ്രശ്നമാണ്. പ്രത്യേക പരിരക്ഷ സംവിധാനമില്ലായ്മയും എടുത്തുപറയത്തക്ക പോരായ്മയാണ്.

കേന്ദ്ര വനസംരക്ഷണനിയമമനുസരിച്ച് വനമേഖലയെ വനപാലകർക്ക് പുറമെ ഇതര ഏജൻസികൾ ഉപയോഗപ്പെടുത്താൻ പാടില്ല എന്നുള്ളത് ഒരു പ്രശ്നമായി അവശേഷിക്കുന്നു. ഇന്ന് വനമേഖലയിലെ പ്രവർത്തനങ്ങൾ പൂർണ്ണമായും വനംവകുപ്പിൽ അധിഷ്ഠിതമാണ്. ഈ വകുപ്പിനാകട്ടെ ഇക്കോടൂറിസം എന്ന ആശയം നടപ്പിലാക്കുന്നതിനെക്കുറിച്ച് കാര്യ

*ശേഷം പേജ് 16–ൽ*

# മാറിയ കാലവും ഖസാക്കിന്റെ ഇതിഹാസവും

**ഡോ. സി. നാരായണപിള്ള**

ഇക്കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയുടെ രണ്ടാം ദശകത്തിന്റെ അന്ത്യത്തിൽ മലയാളത്തിൽ പിറവി കൊണ്ട അനന്യമായ (Uni que) ഒരു രചനയാണ് 'ഖസാക്കി ന്റെ ഇതി ഹാസം'. രാഷ്ട്രീയം, തത്വശാസ്ത്രം, സാഹിത്യം, സാമൂഹിക ശാസ്ത്രം, മനഃശാസ്ത്രം എന്നിവയുടെയൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനങ്ങളിൽ വിലയിരുത്താൻ ശ്രമിച്ചാലും വഴുതിമാറി നിൽക്കുന്ന ഒരു സ്വത്വഘടനയാണ് ഈ കൃതിക്കുള്ളത്. ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടി, കേരളത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഒരു പ്രാവശ്യം അധികാരത്തിലിരുന്നു, എന്നിട്ട് കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നു. ഐക്യമുന്നണിയിൽ കമ്മ്യൂണിസ്റ്റു പാർട്ടികൾ പങ്കാളികളായി ഭരണം നടക്കുന്ന കാലഘട്ടത്തിലാണ് ഒ.വി. വിജയൻ തന്റെ ദർശനങ്ങളുടെ സമാഹാരം മുഖ്യമായും ഒരു പാലക്കാടൻ ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ മിത്തുകളുടെയും വൈവിധ്യങ്ങളുടെയും കലവറയിൽ ജീവിക്കുന്ന ഒത്തിരി മനുഷ്യരെ കൂട്ടാളികളാക്കിക്കൊണ്ട് അവതരിപ്പിച്ചത്. ഭാഷയുടെയും ചിന്തയുടെയും ആവിഷ്കാരത്തിന്റെയും തലങ്ങളിൽ അഭൂതപൂർവ്വമായ (unprecedented) ഒരനുഭവമാണ് നോവലിന്റെ രൂപത്തിൽ മലയാള സാഹിത്യത്തിലേക്ക് വന്നെത്തിയ ഈ കൃതി സൃഷ്ടിച്ചത്. ഇടയ്ക്കൊക്കെ നാഗരിക ജീവിതത്തിന്റെ മിന്നലാട്ടങ്ങൾ കടന്നുവരുന്നുണ്ടെങ്കിലും അത് നഗരങ്ങളിലെ മുഖ്യജീവിതധാരയെ സൂചിപ്പിക്കുന്നില്ല. മറിച്ച് ഒറ്റപ്പെട്ട ചില മനുഷ്യരുടെ ലൈംഗിക ജീവിതത്തെയും അശരണതയെയും ധ്വനിപ്പിക്കാനായി മാത്രമാണ് അതിനെ ഒ.വി. വിജയൻ ഉപയോഗിക്കുന്നത്.

എന്താണ് ഖസാക്കിന്റെ ഇതിഹാസത്തിലൂടെ അതിന്റെ രചയിതാവ് ചെയ്തിരിക്കുന്നത് എന്ന ചോദ്യത്തിന്റെ ഉത്തരം മലയാളത്തിലെ മിക്ക നിരൂപകരും ചർച്ച ചെയ്തിട്ടുള്ളതാണ്. എങ്കിലും ആ സൃഷ്ടി ഇന്നും ഒരു സമസ്യപോലെ നിലകൊള്ളുകയാണ്. എന്നാൽ വിജയന്റെ പിൽക്കാല രചനയായ ധർമ്മപുരാണത്തിന്റെ കൂടി പശ്ചാത്തലത്തിൽ നിന്നുകൊണ്ടുള്ള ഒരു പുനർവായന ഖസാക്കിന്റെ ഇതിഹാസത്തിലേക്ക് ചില പുതിയ വാതിലുകൾ തുറക്കാൻ വായനക്കാരനെ പ്രേരിപ്പിക്കാനിടയുണ്ട്.

ഭാരതത്തിന്റെ സ്വാതന്ത്ര്യത്തെ നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എങ്ങനെ പാഴ്വാക്കാക്കി മാറ്റി എന്ന് ഇന്ദ്രപ്രസ്ഥത്തെയും ഭരണകൂടത്തിലെ സിരാകേന്ദ്രങ്ങളെയും പ്രതിപക്ഷങ്ങളെയും ഉദ്യോഗസ്ഥവൃന്ദത്തെയും പകയാർന്ന ഹാസ്യത്തിലൂടെ ചിത്രണം ചെയ്തുകൊണ്ട് ധർമ്മപുരാണത്തിലൂടെ അദ്ദേഹം എടുത്തുകാട്ടി. എന്നാൽ പ്രഖ്യാപിതങ്ങളായ രാഷ്ട്രീയ തത്വശാസ്ത്രങ്ങളെ അപ്രസക്തമാക്കിക്കൊണ്ട് നടക്കുന്ന ഭരണത്തിനിടയിൽ പ്രതീക്ഷ നഷ്ടപ്പെട്ട ജനസമൂഹത്തിലെ ചില പ്രതിനിധികളെ അവതരിപ്പിച്ചുകൊണ്ട് മനുഷ്യജീവിതത്തിന്റെ ശൂന്യതയുടെ ഭീതിയെ കലാപരമായി ആവിഷ്ക്കരിക്കാനാണ് വിജയൻ ഇതിഹാസത്തിലൂടെ ശ്രമിക്കുന്നതെന്ന് കാണാം. കൂമൻകാവിൽ ബസിറങ്ങുന്ന രവി അഭിശപ്തമായ ഒരു ഭൂതകാലത്തിന്റെ അനുഭവങ്ങളുടെ മാറാപ്പുമായാണ് ജനപദങ്ങളെ പിന്നിട്ട് അവിടെയെത്തിയത്. സ്വതന്ത്ര ഭാരതത്തിലെ ഉന്നതവിദ്യാഭ്യാസം നേടിയ പൗരന് നിരുത്തരവാദപരമായ ഒരു യാത്രയാക്കി തന്റെ ജീവിതത്തെ മാറ്റാൻ കഴിയുന്ന ഒരു ജനാധിപത്യ വ്യവസ്ഥിതിയാണ് നമ്മുടെത്. വ്യക്തി തന്റെ ജീവിതം സമൂഹത്തിനുവേണ്ടിക്കൂടി പ്രയോജനപ്പെടുത്തുക എന്ന മൗലിക ധർമ്മം പാലിക്കപ്പെടുന്നുവോ എന്ന് ഉറപ്പ് വരുത്തുന്ന ഒരു സാമൂഹികക്രമം നമ്മുടെ ജനാധിപത്യത്തിലില്ലല്ലോ. ഇവിടെ എണ്ണിയാലൊടുങ്ങാത്ത രാഷ്ട്രീയ പാർട്ടികളിൽ ഒന്നുപോലും അത് നമ്മുടെ ചുതമലയാണെന്ന് എന്നെങ്കിലും ചിന്തിച്ചുവോ? കമ്മ്യൂണിസ്റ്റ് പാർട്ടി ജനകീയ വിദ്യാഭ്യാസത്തിന്റെ മേഖലയിൽ ചിലതൊക്കെ നാൽപതുകളിലും അൻപതുകളിലും ചെയ്തിരുന്നുവെങ്കിലും പിന്നീട് അതിൽനിന്ന് പിന്തിരിയുകയാണുണ്ടായത് എന്ന് കാണുവാൻ പ്രയാസമില്ല. പൊതുവേ പറഞ്ഞാൽ നമ്മുടെ പാർട്ടികളും മാധ്യമങ്ങളും റാത്തോഡാണോ, പിണറായി വിജയനാണോ രാജ്മോഹനുണ്ണിത്താനാണോ ചെറിയ കുറ്റം ചെയ്തതെന്ന് തർക്കിച്ച് കാലത്തെ നിരർത്ഥകമാക്കി (futile) മാറ്റുന്നിടത്ത് ഇന്ന് നിൽക്കുന്നതുപോലെയാ

ണല്ലോ എന്നും ചെയ്തുപോന്നിട്ടുള്ളത്.

നമ്മുടെ സാമൂഹികജീവിതത്തിന്റെ സമസ്തമേഖലയിലും നീരാളിപ്പിടുത്തം പോലെ ബാധിച്ചിരിക്കുന്ന അഴിമതിയും കച്ചവടക്കണ്ണും അരനൂറ്റാണ്ടിനപ്പുറത്തും ആ കാലത്തിനും അവസ്ഥയ്ക്കും യോജിച്ചവിധത്തിൽ നടക്കുകയായിരുന്നു. വിദ്യാഭ്യാസകച്ചവടം പോലും അതിൽ നിന്ന് അന്യമായിരുന്നില്ലെന്ന് വിജയൻ ചൂണ്ടിക്കാട്ടുന്നത് നോക്കുക. കൂമൻകാവിലെ പ്രാഥമിക വിദ്യാലയത്തിന്റെ ഉടമസ്ഥനാണ് കേലൻ മാസ്റ്റർ. പത്തുകൊല്ലത്തെ സ്കൂൾകച്ചവടത്തിൽ നിന്ന് നൂറ്പറ നിലവും ഒരു പത്തായപ്പുരയും സ്വരൂപിച്ചിരുന്നു. വെറും കയ്യോടെയാണ് കേലൻ സ്കൂളുവെച്ചത്. കാലം മാറിയപ്പോൾ കേലന്മാർ എൻജിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും കച്ചവടസ്ഥാപനങ്ങളാക്കുകയും രാഷ്ട്രീയ പാർട്ടി നേതാക്കൾ അവ യാതൊരു ധാർമ്മിക മാനദണ്ഡങ്ങളുമില്ലാതെ അനുവദിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സർവകലാശാലകളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും അധീശന്മാരായി മാറിയിരിക്കുകയും ചെയ്യുന്ന ദീനതയാർന്ന കെട്ടുകാഴ്ചയാണല്ലോ ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത്.

അപ്പുക്കിളിയാണ് നമ്മുടെ സമൂഹത്തിലെ ഘടനയിലെ സവിശേഷമായൊരു പ്രതീകം. ഓ.വി. വിജയനു മാത്രം കഴിയുന്ന ഒരു കാർട്ടൂൺ സിംബലാണയാൾ. അയാൾ എന്നും നമ്മുടെ സമൂഹത്തിൽ പല പല വേഷങ്ങളിലൂടെ നിലകൊള്ളുകയാണ്. അപ്പുക്കിളിയായി പിന്നെ അപ്പുറാവുത്തറായി വർത്തമാനകാലത്ത് ആധുനിക ലൗജിഹാദായി ഭരണാധികാരിയായി അയാൾ രാഷ്ട്രീയത്തിലും നമ്മുടെ മതസൗഹാർദ്ദത്തിലും പ്രണയകഥകളിലുമൊക്കെ നിലകൊള്ളുന്നു. ഒരു വേള സാംസ്കാരിക രംത്തും ഈ അപ്പുക്കിളിമാർ സജീവമായി അനുഭവപ്പെട്ടുകൊണ്ടിരിക്കയാണല്ലോ. ഈ കൃതിയാലാകെ നിറഞ്ഞുനിൽക്കുന്നത് സ്വതന്ത്ര ലൈംഗികതയാണ്. നമ്മുടെ പൊതുസമൂഹത്തിന്റെ പ്രഖ്യാപിതമായ പെരുമാറ്റ സംഹിതകളിലൊന്നിലും കാണാൻ കഴിയാത്ത തരത്തിലുള്ള ബന്ധങ്ങളാണ് വിജയൻ ഇതിൽ അവതരിപ്പിച്ചിരിക്കുന്നത്. ഗുരു ശിഷ്യ ബന്ധത്തെയും സമാന സ്ഥാനങ്ങളിലുള്ളവർ തമ്മിലുള്ള ബന്ധത്തെയും കുറിച്ച് പൊതുസമൂഹം പരസ്യപ്പെടുത്തിയിരിക്കുന്ന പവിത്രതകൾ ഖസാക്കിന്റെ ഇതിഹാസം പരസ്യമായി ലംഘിക്കുന്ന കാഴ്ച ഞെട്ടലോടെയാണ് നാം വായിക്കുന്നത്. എന്നാൽ പവിത്രകൾ ഉറക്കെപ്പറയുകയും രഹസ്യമായി സന്ദർഭം ലഭിക്കുമ്പോൾ ലംഘിക്കുകയും ചെയ്യുന്ന നമ്മുടെ വേതാള സദാചാരത്തിനുനേരെ ശക്തമായി വാളോങ്ങുകയാണ് ഒ.വി. വിജയൻ ചെയ്തിരിക്കുന്നതെന്ന് നിസംശയം പറയാൻ കഴിയും. മാധ്യമങ്ങളിലൂടെ വരുന്ന പുതിയ കാലത്തെ വാർത്തകൾ പലതും വിജയന്റെ കഥാപാത്രങ്ങളെ ഈ രംഗത്ത് ബഹുദൂരം പിന്നിലാക്കിക്കൊണ്ടിരിക്കുന്നവരെക്കുറിച്ചാണല്ലോ.

ഖസാക്കിന്റെ ഇതിഹാസം പ്രസിദ്ധീകരിച്ച കാലത്ത് അതിന്റെ ദർശനങ്ങളെയും ആവിഷ്കരണത്തെയും പുരോഗമനവാദികൾ ശക്തമായി എതിർത്തിരുന്നു. ഈ ലേഖകൻ ഉൾപ്പെടെയുള്ളവർ ഒട്ടനവധി വേദികളിൽ പ്രതീക്ഷയോടെ ശ്രവിച്ചിരുന്ന ശ്രോതാക്കളോട് അതുയർത്തുന്ന ആപത്തുകളെക്കുറിച്ച് മുന്നറിയിപ്പു നടത്തിയിരുന്നു. എന്നാൽ നാലു ദശകങ്ങൾക്കിപ്പുറത്തു നിന്നുകൊണ്ട് നമ്മുടെ സമൂഹത്തിന്റെ സ്ഥിതി നോക്കിക്കാണുമ്പോൾ ആത്മരോഷമോ വിസ്മയമോ അമ്പരപ്പോ എന്താണുണ്ടാകുന്നതെന്ന് പറയാനാവുന്നില്ല.

മൗലികതയാർന്ന തത്വശാസ്ത്രങ്ങളെ കാൽകീഴിലിട്ട് അതിനുമുകളിൽ കരാളനൃത്തം ചെയ്യുന്ന നേതാക്കന്മാർക്ക് ചൂട്ടുപിടിക്കുന്ന ഉപ നേതൃവൃന്ദങ്ങളും അധികാരത്തിനുവേണ്ടി പരസ്പരം ചെളിവാരിയെറിയുകയും നേതൃത്വത്തിന്റെ സ്വകാര്യങ്ങൾക്ക് സമ്മാനപ്പൊതികളുമായി ഒത്തൊരുമിക്കുകയും അപ്പപ്പോൾ മുദ്രാവാക്യങ്ങൾ വിളിക്കുകയും ചെയ്ത് അന്തരീക്ഷമലിനീകരണവും സാംസ്കാരിക മലിനീകരണവും നടത്തുന്ന ഇന്നത്തെ 'കാല'ത്തെ ഒരു പ്രവാചകന്റെ ദൃഷ്ടിയോടെ കാണുകയല്ലേ ഒ.വി. വിജയൻ ചെയ്തത് എന്ന് ചിന്തിക്കാനേ സത്യത്തെ സ്നേഹിക്കുന്നവർക്ക് കഴിയുകയുള്ളൂ. ●

---

*ഇക്കോടൂറിസം തുടർച്ച...*

മായ സംഭാവനകൾ ചെയ്യാൻ കഴിയുന്നില്ല. ഇക്കോടൂറിസം നടപ്പിലാക്കുന്നതിനുള്ള ഏറ്റവും വലിയ തടസ്സം സാമ്പത്തിക പരാധീനത തന്നെയാണ്. സർക്കാർ ഇതിനുവേണ്ടി സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും ആവശ്യമായ ധനം നീക്കിവയ്ക്കുകയും ചെയ്താലെ ടൂറിസത്തിന് ഒരു പുതിയ മുഖം കൈവരികയുള്ളു. ഈ പദ്ധതിയെക്കുറിച്ചുള്ള പഠനത്തിൽ പക്ഷി നിരീക്ഷണം, സാഹസിക വനയാത്ര, മലകയറ്റം, കുതിര സവാരി, ആന സവാരി, ഗുഹകളിലെ താമസം, സസ്യ-ജന്തു പഠനം, മീൻ പിടിത്തം, ജന്തുസ്വഭാവ പഠനം, ഇക്കോളജീയ പഠനം, ചരിത്ര-സാസ്ക്കാരിക പഠനം തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതുണ്ട്. പദ്ധതി ആസൂത്രണവേളയിൽ സ്വകാര്യമേഖല, പ്രാദേശിക ജനത, പ്രകൃതി സംരക്ഷണവിഭാഗം എന്നീ ടൂറിസം വ്യവസായ ഘടകങ്ങളുടെ ഭാഗധേയം കൂടി ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ഇക്കോടൂറിസത്തെ സംബന്ധിച്ച് കൂടുതൽ ചർച്ചകളും സംവാദങ്ങളും നടക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ ടൂറിസം സംസ്ക്കാരംതന്നെ രൂപംകൊള്ളണം. ●

# നെഗറ്റീവ് മാർക്ക്

കഥ

**റാണി ഹരികുമാർ**
പൂജപ്പുര ഉണ്ണിനഗർ

'ഇത്തവണ ഹൃദയവർണ്ണിനിയുടെ അപേക്ഷ കണ്ടില്ലല്ലോ, അവസാനതീയതി നാളെ കഴിയുകയും ചെയ്യും'...... ആധിയോടെ അയാളോർത്തു. താൻ ഓഫീസിൽ ജോലിക്കെത്തിയ ആദ്യനാളുകളിലൊന്നിലാണ് അവളുടെ അപേക്ഷയിലെ ഫോട്ടോയിലൂടെ ആ നോട്ടം മനസ്സിലുടക്കിയത്. പിന്നീട് ആരും കാണാതെ ആ അപേക്ഷ വിശദമായി വായിച്ചു. ഇരുപതു വയസ്സ് തികഞ്ഞിട്ടില്ല. ഡിഗ്രിയ്ക്കു പഠിക്കുകയും ചെയ്യുന്നുണ്ട്. അവളുടെ അഡ്രസ്സ് മനസ്സിൽ കുറിച്ചെടുത്തു. വർഷങ്ങൾ രണ്ടുമൂന്നു കടന്നുപോയി. പരീക്ഷയുടെ റാങ്ക്ലിസ്റ്റ് തയ്യാറാക്കാൻ നോക്കുമ്പോൾ അവൾക്ക് അതിന് അർഹതയുണ്ടെന്നു കണ്ടെത്തി. എഴുത്തുപരീക്ഷയുടെ പേപ്പർ എടുത്തുനോക്കി. നല്ല കയ്യക്ഷരം. കൊള്ളാം. പിന്നെയും നോക്കിയപ്പോൾ ഈ പോസ്റ്റ് അവൾക്ക് ശരിയാകുമോ. തനിക്ക് അത്ര തൃപ്തി പോരാ . പ്രൊമോഷനും മറ്റും സാധ്യത കുറവുള്ള പോസ്റ്റാണ്. അയാൾ വീണ്ടും വീണ്ടും ആലോചിച്ചു. കുന്നുകൂടി കിടക്കുന്ന അപേക്ഷകളിലേയ്ക്ക് അയാൾ നോക്കി. ഇതിലും നല്ല ഒരു ഒഴിവു വരട്ടെ അതു മതി. അപ്പോഴേയ്ക്കും തന്റെ വീട്ടിലെ പ്രാരാബ്ധങ്ങളും ഒന്നു കുറയും. അയാൾ തീരുമാനിച്ചു. ആ ലിസ്റ്റിൽ അവളെ അയാൾ ഉൾപ്പെടുത്തിയില്ല. എല്ലാവർക്കും ജോലി കൊടുക്കുന്ന വകുപ്പിലാണ് തന്റെ ജോലി. അപ്പോൾ പിന്നെ ഭാര്യയാകാൻ പോകുന്ന പെണ്ണിന് നല്ല ജോലി തെരഞ്ഞെടുക്കേണ്ട ചുമതല തന്റേതല്ലേ." ഇതിനിടയിൽ അയാൾക്ക് പ്രൊമോഷൻ ആയി. അവൾക്ക് അപേക്ഷിക്കാൻ പറ്റിയ ജോലികൾ ഉണ്ടായിരുന്നിട്ടും കുറച്ചുനാൾ അപേക്ഷകളൊന്നും കണ്ടില്ല. അഡ്രസ്സ് കയ്യിലുണ്ട്. അന്വേഷിച്ചു വീടുവരെ പോയാലോ എന്നാലോചിച്ചുകൊണ്ടിരുന്നപ്പോൾ ആ മുഖം വീണ്ടും... ആവേശത്തോടെ അപേക്ഷ പരിശോധിച്ചു. വിദ്യാഭ്യാസയോഗ്യതകൾ കൂടിയിട്ടുണ്ട്. ലേശം തടി കുറഞ്ഞിട്ടുണ്ടോന്ന് സംശയം... ഇപ്പോൾ അയച്ചിരിക്കുന്ന തസ്തികയും കൊള്ളാം. ഈ ജോലി കിട്ടിയിട്ടുവേണം വീട്ടിൽച്ചെന്ന് കാര്യങ്ങൾ സംസാരിക്കാൻ.

പുതിയ ഭരണപരിഷ്കരങ്ങളുടെ ഭാഗമായി കമ്പ്യൂട്ടറും നെഗറ്റീവ് മാർക്കും വന്നു. ഉത്തരം ഒരു വൃത്തം കറുപ്പിച്ച് രേഖപ്പെടുത്തിയാൽ മതിയെങ്കിലും ഉത്തരം തെറ്റിയാൽ മാർക്ക് കുറയും. അത്തവണ അധികം താമസമില്ലാതെ പരീക്ഷ നടന്നു ഫലവും പെട്ടെന്നുതന്നെ വന്നു. അയാളെ ആകെ ഞെട്ടിച്ചുകൊണ്ട് ആ ലിസ്റ്റ് അവളുടെ പേരില്ലാതെ അങ്ങിനെ വന്നു. കമ്പ്യൂട്ടറിൽ വീണ്ടും പരിശോധിച്ചു. മാർക്കും നെഗറ്റീവും ഒക്കെ കൂട്ടിക്കിഴിച്ചുവന്നപ്പോൾ അവൾ റാങ്ക്ലിസ്റ്റിൽ നിന്നു പുറത്തായി. ദേഷ്യം വന്നു. ഇനി ഞാൻ എങ്ങിനെ കല്യാണമാലോചിച്ചു ചെല്ലും? അടുത്ത ഒന്നു രണ്ടു റിസൾട്ടും കൂടി വരാനുണ്ടല്ലോ നോക്കാം". പക്ഷേ അതും പ്രയോജനമുണ്ടായില്ല. പിന്നെയും കുറച്ചുനാൾ അപേക്ഷ ഒന്നും കണ്ടില്ല. വീട്ടിൽ അന്വേഷിച്ചുപോയാലോ എന്നു വീണ്ടും ആലോചിച്ചു. എന്തായാലും ഞാനറിയാതെ ജോലി കിട്ടില്ല. കുറച്ചു കൂടി കാക്കാം എന്നു തീരുമാനിച്ചു. ഇതിനിടെ പല ആലോചനകളും പ്യൂൺ ചെല്ലപ്പൻ വഴി വന്നു. പക്ഷേ ഉള്ളിലുള്ള കാര്യം അയാളോടെങ്ങിനെ പറയും! കുറച്ചു കൂടി കഴിയട്ടെ എന്നു മാത്രം പറഞ്ഞൊഴിഞ്ഞു. ഹൊ! എന്തൊക്കെ സ്വപ്നങ്ങളായിരുന്നു. അവൾക്കും ജോലി കിട്ടാനുള്ള പ്രായപരിധി കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. അടുത്ത സുഹൃത്തായ രാജീവനോട് മടിച്ചുമടിച്ച് കാര്യം പറഞ്ഞു. 'ഈ നെഗറ്റീവ് മാർക്ക് വരുന്നതിനുമുൻപ് നിനക്ക് ഒരു വാക്ക് പറയാമായിരുന്നു."

ഒരു സമാധാനവും ഇല്ലാതായി. വീട്ടിലാണെങ്കിൽ വിവാഹത്തിനു നിർബന്ധിച്ചുകൊണ്ടേയിരിക്കുന്നു. 'ഒരാറു മാസം കൂടി കഴിയട്ടെ അമ്മേ. ഒരു പ്രൊമോഷൻ കൂടി ഉണ്ടാവും." അവസാനത്തെ ഒഴിവു കഴിവ്. രാജീവാണ് ആ അപേക്ഷ കണ്ടത്. അയാൾ ഓടിവന്ന് കമ്പ്യൂട്ടറിൽ അതു കാണിച്ചുതന്നു. വിവാഹിതയാണോ അല്ലയോ എന്ന ചോദ്യത്തിന്. അതെ എന്ന മറുപടി ഭർത്താവിന്റെ പേര്... കൂടുതൽ വായിക്കാനുള്ള ശക്തി അയാൾക്കുണ്ടായില്ല. തകർച്ച പൂർണ്ണമായി... മുന്നിലുള്ളവയിലെല്ലാം ഇരുട്ടു പരക്കുന്നുണ്ടോ... താനിത്രയ്ക്കു വിഷമിക്കരുത്. ഇങ്ങിനെയൊക്കെയുള്ള വിചാരങ്ങൾ ആരോടെങ്കിലും ഒന്നു പറഞ്ഞു കൂടായിരുന്നോ. പണ്ടൊരിക്കൽ ശമ്പളം കുറവുള്ള പോസ്റ്റാണെന്ന കാരണത്താൽ റാങ്ക്ലിസ്റ്റിൽ നിന്നും താൻ ഒഴിവാക്കിയതാണ്. അത്യാഗ്രഹം കാണിക്ക

ണ്ടായിരുന്നു. കാത്തിരുന്ന് നല്ല പ്രായവും കളഞ്ഞു. ഇപ്പോഴിതാ അവളും ട്രാൻസ്ഫറോടു കൂടിയ പ്രൊമോഷൻ ഓർഡർ വന്നു. 'ഇനി ആലോചിക്കാമല്ലോ.''. അമ്മയുടെ ചോദ്യത്തിനു സമ്മതം മൂളി. 'ഇത്രയും പ്രായം കൂടി. ഇനിയും ഞാൻ എവിടെപ്പോയി അന്വേഷിക്കും''? അന്നാദ്യമായി 'പുര നിറഞ്ഞ പെൺകുട്ടിയെ' പറഞ്ഞു വിടാൻ പ്രയാസപ്പെടുന്ന ഒരമ്മയുടെ ദുഃഖം കണ്ടതുപോലെ.

ട്രെയിനിൽ പോയി വരാവുന്ന ദൂരത്താണ് ട്രാൻസ്ഫർ. ആദ്യമായി ട്രെയിനിൽ കയറുന്ന കുട്ടിയുടെ മനസ്സും വല്ലാത്ത നിസ്സംഗതയുമായി അയാൾ തിരക്കൊന്നും ഉണ്ടായിരുന്നില്ല. സൗകര്യപ്രദമായ ഒരു സീറ്റ് കണ്ടുപിടിച്ച് അയാളിരുന്നു. പിന്നെയും അവളെപ്പറ്റിയോർത്തു. എന്നാലും നീ... എനിക്കുവേണ്ടി കുറച്ചു കൂടി കാത്തില്ലല്ലോ. പ്യൂൺ വാസുവേട്ടന്റെ വാക്കുകളോർത്തു. "എല്ലാം ഭദ്രമാക്കി ജീവിക്കാമെന്നുവച്ചാൽ നടക്കില്ല സാറേ, ഓരോ സമയത്തും വേണ്ട കാര്യങ്ങൾ നമ്മൾ നോക്കണം. ബാക്കിയെല്ലാം ദൈവത്തെയേൽപ്പിച്ച് സന്തോഷമായി ജീവിക്കണം.'' ട്രെയിൻ പകുതി ദൂരം പിന്നിട്ടു കഴിഞ്ഞിട്ടുണ്ടാവും. ഒരു ചെറുപ്പക്കാരൻ വലിയ ബാഗുകളുമായി അടുത്തെത്തി. സ്റ്റേഷൻ പിന്നിട്ടിട്ട് കുറച്ചു നേരമായി എല്ലാം നിറഞ്ഞിട്ടുണ്ട്. തന്റെയടുത്ത് ഒരു സീറ്റ് ഒഴിവുണ്ട്. അയാളുടെ പിന്നാലെ കൈക്കുഞ്ഞുമായി ഒരു... മുഖം. അവൾ അവൾ തന്നെ ഇത്. പെട്ടെന്നൊരു വിറയൽ. തന്റെ ചിന്തകളുടെ ഭാഗമായവൾ. എത്രയോ നാളുകളായിട്ട്... എന്റെ ...ഒരു നിശ്വാസം. എവിടെയോ കുരുങ്ങി.

'ഒരു സീറ്റേയുള്ളു. നീ കുഞ്ഞിനേയും കൊണ്ട് ഇരുന്നോളു'' അയാൾ 'വേണ്ട ചേട്ടൻ ഇരിക്കൂ'' എന്നവളും അയാൾ ആ കുഞ്ഞിനെ നോക്കി. അവളുടെ ആ സുന്ദരമായ മുഖം പോലെതന്നെ. വടക്കൻ വീരഗാഥ എന്ന സിനിമയിലെ ചന്തുവിന്റെ ഡയലോഗ് ഓർമ്മ വന്നു. "എനിക്കു പിറക്കാതെ പോയ മകനാണുണ്ണീ നീയ്'' എന്ന്. അക്ഷരാർത്ഥത്തിൽ ആ ദുഃഖം അയാളെ കീഴടക്കി. അയാൾ എഴുന്നേറ്റുകൊടുത്തു. ഇവിടെ ഇരുന്നുകൊള്ളൂ. നന്ദിസൂചകമായി ഒരു പുഞ്ചിരി അയാൾക്കു നൽകി. കുഞ്ഞിനെയുമെടുത്ത് അവർ രണ്ടു പേരുമിരുന്നു. കുഞ്ഞിനെ രണ്ടുപേരുടെയും മടിയിലായി കിടത്തി. മെല്ലെ അവളും അയാളുടെ തോളിലേക്കു ചാഞ്ഞു. അയാൾക്കിറങ്ങേണ്ട സ്റ്റേഷൻ അടുത്തുകൊണ്ടിരുന്നു.

കവിത



# സ്കൂളിലേക്ക്

**ശ്യാം സന്ധ്യാലയം**
KRRA , മുടവൻമുഗൾ

സ്കൂൾ തുറന്നേ... ഞങ്ങൾ
കുട്ടികളൊക്കെയും വന്നേ...
ക്ലാസുമുറികളുണർന്നേ..
കലപില ശബ്ദമുയർന്നേ...
(സ്കൂൾ...)
പുത്തനുടുപ്പും ബാഗും കുടയും
പുത്തൻ പാവാടയും പുസ്തകവും
എല്ലാം പുത്തനായ് വാങ്ങി ഞങ്ങൾ
ആദ്യമായ് സ്കൂളിൽ വരുന്നു
( സ്കൂൾ ...)
അറിവിന്റെ ആദ്യാക്ഷരങ്ങൾ പഠിച്ച്...
മിടുക്കരായി വളരും ഞങ്ങൾ...
വീടിനും നാടിനും കീർത്തിയുണ്ടാക്കുവാൻ
പരിശ്രമിച്ചീടും ഞങ്ങളെന്നും
(സ്കൂൾ...)
ഗുരുക്കന്മാർ ചൊല്ലി തരുന്നതൊക്കെയും
നന്നായ് പഠിച്ച് മിടുക്കരാകും...
ഈശ്വരചിന്തയിൽ അച്ചടക്കത്തിലും
ചങ്ങാതിമാർ ഞങ്ങൾ വളർന്നിടും..
(സ്കൂൾ...)

# MED/ENGG ENTRANCE

Manipal
INSPIRED BY LIFE

## TUITION + ENTRANCE for Class XI & XII

(State/ CBSE/ ISC)

**Get the TANDEM DOUBLE ADVANTAGE**

### ✓ BOARD EXAMS

- Subject-wise questions and answers bank mapped to latest syllabus
- Covers all important questions with solved answers and hundreds of additional practice questions
- Result-oriented tuition for Board Exams based on latest exam trends
- Series of Board-based tests
- Terminal Board tests and Mock Board Exams
- Portions completed well in advance

### ✓ ENTRANCE COACHING

- Subject-wise study material containing thousands of MCQs
- Past six years' question papers of Kerala Entrance with key
- Intensive coaching by subject experts
- Continuous tests and assignments - the most extensive of its kind
- Focus on building practice, time management skills and accuracy

## TUITION for Class IX & X

CBSE (PHY, CHEM, MAT & BIO)

- Excellent Faculty
- Best Study Material

**+ FREE FOUNDATION CLASSES for Kerala Entrance, AIEEE, AIPMT**

**Fabulous Scholarships for top performers**

Using **i-classrooms for the first time in Kerala!** (at select centres)

Teacher
+
i-classroom
=
Better learning
Better results



The BEST TEACHERS use the BEST MULTIMEDIA technology to give you the BEST LEARNING experience!

# TANDEM®

a manipal K-12 education (P) Ltd. Initiative

Opp. Muthoot Plaza, Punnen Road, TRIVANDRUM, Ph: 2325783, 99958 66412

- Monthly progress reports
- Individual mentor for each student
- Vast library with unlimited usage
- Tests with All-Kerala ranking

- State/CBSE/ISC batches
- Weekday (Mon to Fri) Morning/Evening batches
- Weekend (Second Sat, Sun & Holidays) batches
- KV/School-specific batches

# സ്വപ്നസുന്ദരി



കരുമം രാധാകൃഷ്ണൻനായർ

നീലനിലാവിന്റെ ശീതളച്ഛായയിൽ
നീരാടുവാൻ വന്ന നീലാംബരീ
നിദ്രാവിഹീനനായിപ്പട്ടുമെത്തയിൽ
നിന്നെയും കാത്തിങ്ങിരിയ്ക്കയാണിപ്പൊഴും

നിസ്തുലസ്നേഹത്തിന്റെ നിർമ്മലഭാവമായ്
നീ തെളിച്ചിട്ടൊരെൻ സഞ്ചാരവീഥിയിൽ
നീലോല്പലങ്ങൾ വിരിഞ്ഞു നിന്നാടവേ
നിൻകൺമുനകളിൽ കണ്ണീർനനവുകൾ?

പാടും പുഴയുടെ തീരത്തിരുന്നു നീ
പാടിയ പാട്ടുകളാത്മനൊമ്പരമായി
പറയാൻ മടിക്കുന്ന പരിഭവവാക്കുകൾ
പലവുരു നിന്നിൽ ഗദ്ഗദ മുതിർക്കയായ്!

ചഞ്ചലചിത്തനായ് ചാരത്തിരുന്നു നിൻ
ചന്തം നുകർന്നു ഞാൻ നിർവൃതികൊള്ളവേ
ചെമ്പനീർ പൂവുകളുതിരുന്നനിൻ ചുണ്ടിൽ
ചെന്തൊണ്ടിപ്പഴം വീണു പൊട്ടിച്ചിതറിയോ?

കൃഷ്ണതുളസിക്കതിർ ചൂടിയ വാർമുടി-
ക്കെട്ടിലൂടെൻ വിരലോടിക്കളിക്കവേ
സിന്ദുരരേഖ തെളിഞ്ഞ നിൻ കവിളിങ്കൽ
ചുംബനമലരുകൾ പൊട്ടിവിരിഞ്ഞു ഹാ!

നീലനീരാളം വാരിപ്പുതച്ചിളംകാറ്റേറ്റ്
നീലനിശീഥിനി നന്നായുറങ്ങവേ
നിന്നെക്കുറിച്ചുള്ള നീറുന്ന ചിന്തകൾ
നിദ്രയിലെന്നുള്ളിൽ പുളകം പൊഴിയ്ക്കയായ്!

നിൻ മൃദുലാംഗുലീസ്പർശമേറ്റെന്റെ മാനസം
മൃദുല വികാരതരളിതമാകവേ
പഞ്ചാരപ്പുഞ്ചിരിപ്പൂമഴ പൊഴിച്ചുകൊ-
ണ്ടഞ്ചാതെ നീയെന്റെ ചാരത്തിരിയ്ക്കവേ

എത്തിപ്പിടിക്കാൻ ശ്രമിച്ചൊരെൻ കൈകളെ
തട്ടിത്തെറിപ്പിച്ചകലത്തു പോയി നീ
എങ്കിലുമോമലേ, കണ്ടുനിൻ കൺകളിൽ
കത്തുന്ന കാമത്തിൻ കരിനിഴൽപ്പാടുകൾ!!

രാവിന്റെ മൂകമാം യാമങ്ങളിൽ പ്രേമ-
ഗാനങ്ങൾ മൂളിയെൻ ചാരത്തിരിക്കവേ
ആശാവിലോലനായ് വാരിപ്പുണരവേ
കഷ്ടം! കണ്ടവയൊക്കെയും സ്വപ്നമെന്നറിഞ്ഞു ഞാൻ!!



അനുസ്മരണം

# എ. എസ്. രാജന് ബാഷ്പാഞ്ജലി

**പി.ജി. കമലാസനൻ**
രക്ഷാധികാരി, എസ്.പി.ആർ.എ.

ശ്രീ പൊന്നുമംഗലം റസിഡന്റ്സ് അസ്സോസിയേഷന്റെ പ്രസിഡന്റായിരുന്ന, ശ്രീ എ.എസ്. രാജൻ 2010 മാർച്ച് 9ന് തിരുവനന്തപുരത്ത് ഉണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടു. അസോസിയേഷന്റെ എല്ലാ അംഗങ്ങളേയും അദ്ദേഹത്തിന്റെ വേർപാട് അഗാധമായ ദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. എസ്.പി.ആർ.എ. കുടുംബാംഗങ്ങളുടെ ബാഷ്പാഞ്ജലി ഈ അവസരത്തിൽ അർപ്പിക്കുന്നു.

വ്യക്തിത്വത്തിന്റെ സഹജമായ ഹൃദയലാവണ്യം എ.എസ്. രാജന്റെ വ്യക്തിസത്തയിൽ നിറഞ്ഞുനിന്നിരുന്നത്, ആവോളം അനുഭവിച്ചറിഞ്ഞവരാണ് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ. തളരാത്ത മനസ്സും, തകരാത്ത പ്രതീക്ഷയും ഏറെയുണ്ടായിരുന്ന രാജൻ എല്ലാപേർക്കും മാതൃകയായിരുന്നു. അസ്സോസിയേഷന്റെ നേതൃമനസ്സുകളെ ഇപ്പോൾ നയിക്കുന്നത് പ്രസിഡന്റ് എന്ന നിലയിൽ രാജൻ ഒരുക്കിയിരുന്ന നന്മകളുടെ പ്രകാശധോരണികളിലേയ്ക്കാണ്.

വ്യക്തിപരതയുടെ സ്വാർത്ഥലേശമില്ലാത്ത പരാർത്ഥപ്രവണമായ



പൊതുപ്രവർത്തനശൈലിയ്ക്കു രൂപം നൽകി അദ്ദേഹം പ്രവർത്തിച്ചിരുന്നു. ശുദ്ധ ആദർശശൈലിയും, ശക്തമായ കർമ്മശൈലിയും സമന്വയിപ്പിക്കുന്ന വ്യക്തിത്വങ്ങൾ, ഇത്തരം സംഘടനാപ്രവർത്തനങ്ങളിൽ അപൂർവ്വമാണ്. നിസ്തുല ആദർശ ഉൾക്കാഴ്ചയും ഭാവാത്മകമായ കർമ്മപരതയും സംയോജിപ്പിച്ച് സാമൂഹ്യപ്രവർത്തനം നടത്തുക എന്നതാണ് രാജന്റെ സവിശേഷത.

C.P.W.D. അസിസ്റ്റന്റ് എഞ്ചിനീയറായി സർവ്വീസിൽ നിന്നും പിരിഞ്ഞതിനുശേഷം മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൽ ഇലക്ട്രിക്കൽ ചീഫ് എഞ്ചിനീയറായി പ്രവർത്തിച്ചിരുന്നപ്പോഴാണ് അദ്ദേഹത്തിന്റെ ആകസ്മികനിര്യാണം. പൊന്നുമംഗലത്ത് 'തങ്കം ഹൗസിൽ' ഭാര്യ ശ്രീമതി തങ്കവും രണ്ടു പുത്രന്മാരോടൊപ്പം സ്ഥിരതാമസമാക്കിയിരുന്നു.

വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളും വ്യക്തിവിരോധങ്ങളും ഇല്ലാത്ത – സൗമ്യതയിൽ ഒരു ജ്വാലയായി പ്രവർത്തിച്ചിരുന്ന എ.എസ്. രാജന്റെ ലളിതമനോഹരശൈലി അനുകരണീയമാണ്. ആദർശശുദ്ധിയെ സമാശ്രയിച്ചുകൊണ്ട് നയിക്കപ്പെട്ട ആ ധന്യജീവിതത്തിന്റെ തിരശ്ശീല വീണത് വിവിധ തലത്തിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കു കടുത്ത ആഘാതം തന്നെ. എസ്.പി.ആർ.എ.യുടെ വിപുലീകരണത്തിനുവേണ്ടി സവിശേഷമായ കർമ്മപദ്ധതിക്കു രൂപം നൽകി, പുഞ്ചിരി തൂകി കടന്നുപോയ എ.എസ്. രാജന്റെ സ്മരണയ്ക്കു മുന്നിൽ വേദനയോടെ പ്രണാമം അർപ്പിക്കുന്നു. ●

---

*(അവശ്യസാധനങ്ങൾ...തുടർച്ച)*

ന്നതിലേക്കുവേണ്ടി വില്പന നടന്ന എല്ലാ സെന്ററുകളിലും റസി. അസോസിയേഷൻ അംഗങ്ങൾ വലിപ്പചെറുപ്പമില്ലാതെ മുൻകൂട്ടി നിശ്ചയിച്ച സമയത്തിനുമുമ്പേ തന്നെ ക്യൂ നിന്നിരുന്നു. രാത്രി വൈകിയും മൊബൈൽ മാവേലിസ്റ്റോറിനേയും ഫ്രാറ്റിന്റെ കേന്ദ്ര നേതാക്കളെയും ആവേശത്തോടെ എതിരേൽക്കുന്ന സ്ഥിതിവിശേഷമാണുണ്ടായത്. സർക്കാരും ജില്ലയിലെ ഏഴു ലക്ഷത്തോളം ജനങ്ങളെ പ്രതിനിധീകരിക്കുന്ന സന്നദ്ധ സംഘടനയായ ഫ്രാറ്റും സംയുക്തമായി നടത്തുന്ന ഈ സംരംഭത്തിനു പൊതുജനങ്ങളിൽ നിന്നും വർദ്ധിച്ച പിന്തുണ ഇതിനകം തന്നെ ലഭിച്ചു കഴിഞ്ഞു.

വിലക്കയറ്റം കൊണ്ട് സാധാരണക്കാരൻ നട്ടംതിരിയുന്ന ഈ അവസരത്തിൽ ഫ്രാറ്റുവഴി നിത്യോപയോഗ സാധനങ്ങൾ ജനങ്ങളുടെ വീട്ടുപടിക്കൽ എത്തിക്കുന്ന ഈ മഹത് സംരംഭം സർക്കാരിന്റെ പൊതുവിതരണ സമ്പ്രദായത്തിന് കൂടുതൽ ശക്തി പകരുവാൻ സഹായിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ●

# ''റാഡിസേഫ്''ഇനി അനന്തപുരിയിലും !!!

RadiSafe

**മൊബൈൽഫോൺ റേഡിയേഷനിൽ നിന്നും സംരക്ഷണം**

മൊബൈൽഫോണിന്റെ അമിതോപയോഗം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമേകാൻ **'റാഡിസേഫ്   '** വിപണിയിലെത്തി. മൊബൈൽ ഫോണിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാതെ അതിൽ നിന്നും പ്രസരിക്കുന്ന ഹാനികരമായ വികിരണങ്ങളെ തടയാൻ ഉപകരിക്കുന്ന സംവിധാനമാണ് റാഡിസേഫ് എന്ന് ഇതിന്റെ നിർമ്മാതാക്കളായ പോർട്ട്വേൾഡ് ഇന്ത്യാ ലിമിറ്റഡ് അഭിപ്രായപ്പെടുന്നു.

''ആധുനിക കാലഘട്ടത്തിൽ ചില അദൃശ്യമായ മലിനീകരണങ്ങൾക്കും അതിനോടനുബന്ധിച്ചുള്ള ആരോഗ്യ പ്രശ്നങ്ങൾക്കും നാം വിധേയരാകുന്നുണ്ട്. മൊബൈൽഫോൺ റേഡിയേഷൻ തന്നെ അതിനുദാഹരണം. നിരന്തരമായി മൊബൈൽഫോണുപയോഗിച്ചാൽ അതിൽ നിന്നുള്ള വികിരണങ്ങൾ നിമിത്തം തലച്ചോറിനും കോശങ്ങൾക്കും ക്ഷതം സംഭവിക്കുമെന്ന് ശാസ്ത്രലോകം കണ്ടെത്തിയിട്ടുണ്ട്. ഇത് ഉയർന്ന രക്തസമ്മർദ്ദത്തിനും ബ്രയിൻട്യൂമർ, അൽഷിമേഴ്സ് തുടങ്ങിയ മറ്റു മാരകരോഗങ്ങൾക്കും കാരണമാകുന്നുവെന്ന് അടുത്തിടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. കുട്ടികളിൽ കാണുന്ന 30% ക്യാൻസറിനും കാരണം വൈദ്യുത കാന്തിക തരംഗങ്ങളാണെന്നും പഠനങ്ങൾ പറയുന്നു. ഈ പ്രശ്നങ്ങൾക്കു പരിഹാരമായി ശാസ്ത്ര ലോകം കണ്ടെത്തിയിരിക്കുന്ന ഉപകരണമാണ് **റാഡിസേഫ് .** ''

റേഡിയേഷനുള്ള ഇതര ഇലക്ട്രാണിക് ഉപകരണങ്ങളിലും **റാഡിസേഫ്** ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്നും പോർട്ട് വേൾഡ് ഇന്ത്യാ ലിമിറ്റഡ് വ്യക്തമാക്കുന്നു.

PROBLEM



SOLUTION



BEFORE



AFTER



RadiSafe

**Athorised Distributor of Trivandrum**
**Nano Traders**
**Trivandrum-87**
**Ph. 9846328195**

# മഴക്കാല പൂർവ ശുചീകരണം 23 മുതൽ

മെയ് 23 മുതൽ ഒരാഴ്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഴക്കാല പൂർവ ശുചീകരണം നടത്തുന്നതാണെന്ന് തദ്ദേശ സ്വയംഭരണമന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനവും ഏറ്റെടുക്കണം. മഴക്കാല പൂർവ ശുചീകരണത്തോടൊപ്പം എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും അതത് പ്രദേശത്തെ പ്രത്യേകതയ്ക്കനു സൃതമായി പകർച്ചവ്യാധി പ്രതി രോധനിയന്ത്രണപരിപാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വാർഡിലും നിലവിലുള്ള സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ വിദ്യാർഥികളെയും സന്നദ്ധ പ്രവർത്തകരെയും വായനശാലകളെയും, സന്നദ്ധസംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, യുവജനസംഘടനകൾ, മഹിളാ സംഘടനകൾ, കുടുംബശ്രീ, ആരോഗ്യസ്ഥാപനങ്ങൾ, ഗ്രാമതല ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി 19ന് വാർഡുതല ശുചിത്വ കൂട്ടായ്മ സംസ്ഥാനത്താകമാനം സംഘടിപ്പിക്കണം. ശുചിത്വ കൂട്ടായ്മയിൽ ശുചിത്വ മാപ്പിങ്ങിനും കർമപദ്ധതി രൂപീകരണത്തിനുമുള്ള ടീമിനെ കണ്ടെത്തണം. 20ന് വാർഡുതല ടീമിന്റെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലെയും പ്രശ്നബാധിത പ്രദേശങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് വാർഡിലുടനീളം സഞ്ചരിച്ച് ശുചിത്വ മാപ്പിങ്ങും സർവേയും സംഘടിപ്പിക്കണം.

കൊതുക് വളരുന്നതിന് സാധ്യതയുള്ള ഓടകളുടെ വൃത്തി യാക്കൽ, തോട്, കുളം എന്നിവയുടെ പ്രശ്നങ്ങൾ, വെള്ളക്കെട്ട് ഒഴിവാക്കൽ, മാലിന്യ സംസ്കരണത്തിനുള്ള പ്രശ്നങ്ങൾ, ജലസ്രോത സ്സുകളുടെ വൃത്തി, കുറ്റിച്ചെടിമാറ്റൽ, പ്രദേശത്തെ വീടുകൾ, കടകൾ, പൊതു സ്ഥാപനങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനുള്ള നിർദ്ദേശ ങ്ങൾ എന്നിവ സ്വരൂപിക്കുന്നതിനാണ് സർവേ. റിപ്പോർട്ട് 20,21 തീയതികളിൽ ക്രോഡീകരിക്കുകയും പഞ്ചായത്ത്/നഗരസഭാതല കർമ പരിപാടി തയ്യാറാക്കുകയും ചെയ്യണം. കർമപരിപാടിയുടെ അടിസ്ഥാനത്തിൽ 23 മുതൽ ഒരാഴ്ച മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുടെയും വകുപ്പുകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കണം. വീടുകളും പൊതു സ്ഥാപനങ്ങളും പദ്ധതി പ്രവർത്തനങ്ങളും ഈ പരിപാടിയിൽ ഏകോപിപ്പിക്കണം.

പ്ലാസ്റ്റിക് വലിച്ചെറിയുന്നതിനെതിരെയുള്ള പ്രവർത്തനവും ഊർജിതപ്പെടുത്തണം. എല്ലാ വീടുകളിലും ഡ്രൈഡേ സന്ദേശം എത്തിക്കുന്ന നിലയിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വേണം. വിദ്യാർഥികളുടെ നേതൃത്വത്തിൽ വീടുകൾക്ക് 'ശുചിത്വ വീട്, ആരോഗ്യമുള്ള വീട്' എന്ന സ്റ്റിക്കർ പതിക്കുന്നതിനുള്ള പരിപാടിയും സംഘടിപ്പിക്കണം. ●

## അറിയിപ്പ്

**ഫ്രാറ്റ് ന്യൂസ് നിങ്ങളുടെതാണ്. ഇതിന്റെ അകം പേജുകൾ സമ്പുഷ്ടമാക്കാൻ ഓരോരുത്തരുടെയും സഹായം അനിവാര്യമാണ്. മേഖലാവാർത്തകൾ, അസോസിയേഷൻ വാർത്തകൾ, അസോസിയേഷൻ അംഗങ്ങളുടെ കലാ സാഹിത്യ സൃഷ്ടികൾ (കഥ, കവിത, നർമ്മം, ലേഖനം, കാർട്ടൂൺ, ചിത്രങ്ങൾ, യാത്രാവിവരണം തുടങ്ങിയവ) ഞങ്ങൾക്ക് എത്തിക്കാൻ മറക്കരുത്. അതോടൊപ്പം നിങ്ങളോരുത്തരുടെയും ഉപദേശങ്ങളും നിർദ്ദേശങ്ങളും ഫ്രാറ്റ് ന്യൂസിന്റെ വളർച്ചയ്ക്ക് അനിവാര്യമാണ്. അത് ഇതിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് പ്രചോദനം നൽകുന്നു. ഫ്രാറ്റിന്റെ നടാടെയുള്ള സംരംഭം എന്ന നിലയിൽ ഇതിന്റെ കെട്ടിലും മട്ടിലും വേണ്ട മാറ്റങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കാൻ ഒരിക്കലും മറക്കരുത്. നിങ്ങളുടെ പ്രതികരണങ്ങൾക്കായി തുടർ ലക്കം മുതൽ ഒരു പ്രത്യേക പംക്തി ഉണ്ടാവും.**

**സൃഷ്ടികളും കത്തുകളും അയയ്ക്കേണ്ട വിലാസം**
**മാനേജിംഗ് എഡിറ്റർ, ഫ്രാറ്റ് ന്യൂസ്,**
**VRA - A-19, TC 27 /1808, രേവതി**
**വഞ്ചിയൂർ, തിരുവനന്തപുരം - 695 035**
**Email : ourfrat@gmail.com**

# NOOPURA

INSTITUTE OF INDIAN CLASSICAL DANCE

(Recognised & Aided by Govt. of Kerala)
Regd. Office: Poojappura, Thiruvananthapuram, Kerala. India
Ph: 91-471 -2356636, 9388657055
E-mail: noopura@vsnl.com, www.noopura.com

കഥകളി, കേരള നടനം, മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുടി, ഒഡീസ്സി, സംഗീതം, വീണ, വയലിൻ, കീബോഡ്, ഗിറ്റാർ, മൃദംഗം, തബല, ഡ്രോയിംഗ്, പെയിന്റിംഗ്, പേൾ ആഭരണങ്ങൾ ഉണ്ടാക്കുവാനുള്ള പരിശീലനം, തയ്യൽ എന്നിവ യ്ക്കുള്ള അവധിക്കാല ക്ലാസ്സുകൾ

SPECIAL CLASSES :

കഥക് നൃത്തപരിശീലനക്ലാസ് ഏപ്രിൽ 2 മുതൽ ആരംഭിക്കുന്നു.
ശ്രീമതി മനീഷ ഗുലിയാനി – ജയ്പൂർ. താല്പര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുക

Hostel Facility Available

Contact Address:
Noopura, Poojappura,
Thiruvananthapuram
Mobile: 9947408722, 9388657055

ABHINAV DIGITALS
Multi Track Digital Audio & Video Studio
Omkar Buildings, nethaji Road, Poojappura
Thiruvananthapuram. Ph: 2356636, 2359359

# RAAG ENTERPRISES

T.C. 17/2443, Jagathy East Near Woodland's Appartments,
Poojappura, Trivandrum. Ph: 2340369, 6570435. Mob: 9847060902

- Plywood, Hardwares, Paints
- Glass
- GI Sheets
- Building Contract Works Interior Decaration
- Furniture makers
- Aluminium Fittings



## RAAG TOURS & TRAVELS

Near Woodland's Appartments, Poojappura, Trivandrum
Ph: 2340369, 6570435. Mob: 9847060902

Ambassador, Indica, Qualis, Innova, Tavera, Scorpio, Tempo Traveller, Hi-Tech Bus, Air, Bus, Luxuary Coaches & Car etc





24 HRS Call TAXI

# ബിന്ദു ഏജൻസീസ്

കുന്നപ്പുഴ, തിരുമല
ഫോൺ: 2351917, 2350093
മൊബൈൽ 9349333003

- രാംകോ സിമന്റിന്റെ അംഗീകൃത ഹോൾസെയിൽ വ്യാപാരം
- ടൈൽസ്
- പ്ലംബിംഗ് മെറ്റീരിയൽസ്
- ഹാർഡ് വയർ
- സാനിട്ടറി വയർ

IATA

# MANGALAM TRAVEL & TOURS

5 & 6, 1st Floor, Our Tower
Vellayambalam, Sasthamangalam P.O.,
Thiruvananthapuram-10
Email: mangalam-tvm@yahoo.com
Phone: 0471-2310031, 2310034, 2318350, 4078400
2720031, 2720032, Fax: 0471-2318351



INTERNATIONAL & DOMESTIC AIR TICKETS
VISA STAMPING, PASSPORT WORK,
CERTIFICATE ATTESTATION
AND OTHER TRAVEL ASSISTANCE

## മേഖലകളിലൂടെ...

# II-ാം മേഖല



കെ.ജി. ബാബു



എസ്. ഗിരീഷ്

ശ്രീകാര്യം പഞ്ചായത്തും, തിരുവനന്തപുരം നഗരസഭയിലെ ഇടവക്കോട്, പോങ്ങുംമൂട്, ചെറുവയ്ക്കൽ വാർഡുകളും ഉൾപ്പെടുന്നതാണ് ഫ്രാറ്റിന്റെ 2–ാം (ശ്രീകാര്യം) മേഖല. മുപ്പത്തിഅഞ്ചോളം റസിഡന്റ്സ് അസോസിയേഷനുകൾ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. മേഖല പരിധിയെ പ്രവർത്തനസൗകര്യത്തിനായി 6 ഏര്യാകമ്മിറ്റികളായി വിഭജിച്ചു. ഏര്യാ കമ്മിറ്റി രൂപീകരണവും പൂർത്തിയായി 2.5.10ന് മേഖല കൺവെൻഷനും നടന്നു.

മേഖല പരിധിയിലുള്ള സർക്കാർ സ്കൂളുകളുടെ ശോചനീയാവസ്ഥ മാറ്റാനുള്ള ശ്രമങ്ങൾക്കാണ് ഇക്കൊല്ലത്തെ മുന്തിയ പരിഗണന. കരിയം LPS ന്റെ വികസനത്തിനായി മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ വികസന സമിതിക്ക് രൂപം നല്കിയിട്ടുണ്ട്. ഈ സ്കൂളിന് ഒരു സ്കൂൾ ബസ് അനുവദിച്ചു നല്കുന്നതിന് ശ്രമിച്ചുവരുന്നു.

50 വർഷം പിന്നിട്ട പാങ്ങപ്പാറ മെഡിക്കൽ കോളേജ് ഹെൽത്ത് സെന്ററിനെ ഒരു ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം ശക്തമാക്കി. ഇതിനായി ബഹുജനങ്ങളുടെ ഒപ്പ് ശേഖരണപരിപാടി സംഘടിപ്പിച്ചു. അംഗ അസോസിയേഷനുകളെ ഉൾപ്പെടുത്തി ഒരു ഡയറക്ടറി പ്രകാശിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

---

# XII-ാം മേഖല



പി. ചന്ദ്രശേഖരൻ



എൻ. ശിവകുമാർ

തിരുവനന്തപുരം നഗരസഭയിലെ പെരുന്താന്നി, ശ്രീവരാഹം, മണക്കാട്, ഫോർട്ട്, ചാല, വലിയശാല എന്നീ വാർഡുകൾ ചേർന്നതാണ് ഈ മേഖല. 34–ഓളം റസിഡന്റ്സ് അസോസിയേഷനുകൾ ഫ്രാറ്റിലെ അംഗങ്ങളാണ്. മേഖലായോഗം 16.4.2010 ൽ സുബാഷ് നഗർ വെൽഫയർ റസിഡന്റ്സ് അസോസിയേഷൻ ഹാളിൽ പ്രസിഡന്റ് ശ്രീ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ കൂടി.

മേഖലായോഗത്തിൽ K.S.R.T.C. യുടെ സെൻട്രൽ ടെർമിനലിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നും ഈഞ്ചയ്ക്കലിൽ ഷോപ്പിംഗ് കോപ്ലക്സ് കോർപ്പറേഷൻ ഏറ്റെടുത്ത് ആരംഭിക്കണമെന്നും ഈഞ്ചയ്ക്കൽ കൊത്തളം അട്ടക്കുളങ്ങര N.H. റിംങ്ങ് റോഡിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നും ശ്രീവരാഹം KSEB സെക്ഷനിലെ അപ്രഖ്യാപിത ലോഡ്ഷഡ്ഡിംഗ് ഒഴിവാക്കണമെന്നും കൂടാതെ പവ്വർ ബ്രേക്ക്ഡൗൺ ഒഴിവാക്കണമെന്നും ഈഞ്ചയ്ക്കൽ അനന്തപുരി ആശുപത്രി – ചാക്കവഴി കരിക്കകം ക്ഷേത്രത്തിലേക്ക് ഒരു ബസ്സ് സർവീസ് ആരംഭിക്കണമെന്നും വള്ളക്കടവ് പുത്തൻപാലം റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യ മാക്കണമെന്നും എയർപോർട്ട് അതോറിറ്റിയുടെ ഡ്രൈനേജ് പൈപ്പ് ലൈൻ കുഴിച്ചിട്ട കാരാളി തൊണ്ടുകടവ് NH റോഡിലേക്കുള്ള കാരാളി ഈഞ്ചക്കൽ റസിഡന്റ്സ് അസോസിയേഷനിലെ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണമെന്നും

മണക്കാട് ഗംഗാനഗറിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവർ മാറ്റുന്നതിലേക്ക് വേണ്ടത്ര ശ്രദ്ധ തിരിയണമെന്നും ആവശ്യപ്പെട്ടു.

യോഗത്തിൽ ശ്രീ. കെ.പി. പ്രദീപിനെ പെരുന്താന്നി വാർഡിന്റെ കൺവീനറായും ശ്രീ മനോഹർ കെസ്ക്കറിനെ മണക്കാട് വാർഡിന്റെ കൺവീനറായും ശ്രീ.ജി. ശിവപ്രസാദിനെ ഫോർട്ട് വാർഡിന്റെ കൺവീനറായും ശ്രീ രാജേന്ദ്രനെ ചാലവാർഡിന്റെ കൺവീനറായും തെരഞ്ഞെടുത്തു. മേഖലാ പ്രസിഡന്റായി പി. ചന്ദ്രശേഖരനെയും സെക്രട്ടറിയായി എൻ. ശിവകുമാറിനെയും തെരഞ്ഞെടുത്തു.



കെ. സുഗുണൻ



കെ. വിജയകുമാരൻനായർ

## *XIII-ാം മേഖല*

തിരുവനന്തപുരം നഗരസഭയിലെ പൂജപ്പുര ചെങ്കള്ളൂർ, മുടവൻമുകൾ, തൃക്കണ്ണാപുരം, പുന്നയ്ക്കാമുകൾ എന്നീ വാർഡുകൾ ഉൾപ്പെടുന്നതാണ് പതിമ്മൂന്നാം മേഖല. ഏകദേശം 20 റസി. അസോസിയേഷനുകൾ ഈ മേഖലയിൽ ഫ്രാറ്റിൽ അംഗങ്ങളായിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷം നല്ല മേഖലാപ്രവർത്തനങ്ങൾക്കുള്ള അവാർഡ് നേടിയിട്ടുണ്ട്. പ്രാദേശിക വിഷയങ്ങളേറ്റെടുത്ത് പ്രക്ഷോഭപരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. 2010 മാർച്ച് 7-ാം തീയതി വട്ടവിള പൗരസമിതി ഹാളിൽ വച്ച് മേഖല കൺവെൻഷൻ ചേർന്നു. മുടവൻമുകൾ വാർഡ് കൗൺസിലർ കെ. രാജശേഖരൻ നായർ ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് കെ. സുഗുണൻ അദ്ധ്യക്ഷത വഹിച്ചു. ഫ്രാറ്റ് ഭാരവാഹികൾക്ക് സ്വീകരണം നല്കി. ഫ്രാറ്റ് പ്രസിഡന്റ് പട്ടം ശശിധരൻനായർ ജന. സെക്രട്ടറി അഡ്വ. പുഞ്ചക്കരി രവി, ട്രഷറർ എം.എസ്. ശ്രീകാര്യം, വൈസ് പ്രസിഡന്റുമാരായ എ. ഗോപകുമാർ, മുത്തുഷറഫ്, ജോയിന്റ് സെക്രട്ടറിമാരായ ജി. രാധാകൃഷ്ണൻ, പി. സതീഷ്കുമാർ, സുഗന്ധി എ. നായർ, വനിതാവിഭാഗം കൺവീനർ ശ്രീദേവിയമ്മ, പി.ആർ.ഒ. ജഗതി ശിവൻതമ്പി, കൾച്ചറൽ സെൽ കൺവീനർ, കെ. സുകുമാരൻ എന്നിവർ പങ്കെടുത്തു. കെ. വിജയകുമാരൻ നായർ സ്വാഗതവും ജെ. സ്റ്റീഫൻസൺ നന്ദിയും പറഞ്ഞു. ബാലസംഗം വിദ്യാഭ്യാസ അവാർഡ് വിതരണം, റെസിഫെസ്റ്റ് പ്രാദേശിക വികസന സെമിനാർ, വിവാഹധൂർത്തിനെതിരായ പ്രചാരണം തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനം വരുന്ന ഒരു വർഷക്കാലം കൊണ്ട് മേഖലയിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. മേഖല ഭാരവാഹികളായി അഡ്വ. റ്റി. എച്ച്. ലോറൻസ് (രക്ഷാധികാരി) കെ. സുഗുണൻ (പ്രസിഡന്റ്), ജെ. സ്റ്റീഫൻസൺ (വൈസ് പ്രസിഡന്റ്), കെ. വിജയകുമാരൻ നായർ (സെക്രട്ടറി) എൻ. ബാബുരാജ് (ജോ. സെക്രട്ടറി) കെ.കെ. പുരുഷോത്തമൻനായർ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.



ജനാർദ്ദനൻ കൊക്കാട്



കുമാർ നടുവത്തുമുറി

## *XXV-ാം മേഖല*

പൂവച്ചൽ, കുറ്റിച്ചൽ, വെള്ളനാട്, അരുവിക്കര, ആര്യനാട്, ഉഴമലയ്ക്കൽ, തൊളിക്കോട്, വിതുര എന്നീ എട്ടു പഞ്ചായത്തുകൾ അടങ്ങിയ പ്രദേശമാണ് സോൺ 25ന്റെ പ്രവർത്തനമേഖല. ഈ മേഖലയിലെ പത്തു റസിഡന്റ്സ് അസോസിയേഷനുകളാണ് ഫ്രാറ്റിൽ അംഗത്വമെടുത്തിരുന്നത്. 24.4.10ൽ പുതിയതായി മൂന്നു റസിഡന്റ്സ് അസോസിയേഷനുകൾ കൂടി അംഗത്വമെടുത്തതോടെ അംഗസംഖ്യ പതിമൂന്ന് ആയി ഉയർന്നിട്ടുണ്ട്.

9.5.2010ൽ സോണിന്റെ പ്രഥമയോഗം ചേർന്നു ഫ്രാറ്റ് സെക്രട്ടറിയേറ്റ് അംഗം ശ്രീ എസ്. സതീശചന്ദ്രൻനായർ പങ്കെടുത്തു.

മേഖലാ ഭാരവാഹികളായി എസ്. സതീഷ്ചന്ദ്രൻ നായർ (ചായം റസി. അസോസിയേഷൻ) , കെ.ജി. രവീന്ദ്രൻ നായർ (വെള്ളനാട് വില്ലേജ് റസി. അസോസിയേഷൻ), വി. തങ്കപ്പൻനായർ (കോട്ടിയത്തറ റസി. അസോസിയേഷൻ), (രക്ഷാധികാരികൾ), (ജനാർദ്ദനൻ കോക്കാട് (പ്രസിഡന്റ്), പി. രവീന്ദ്രൻനായർ (വെള്ളനാട് ൗൺ റസി. അസോസിയേഷൻ), കെ.എൻ. കൃഷ്ണൻകുട്ടി (സൗഹൃദ റസി. അസോസിയേഷൻ) പി. സോമൻ (വിതുര റസിഡന്റ് അസോസിയേഷൻ), (വൈസ് പ്രസിഡന്റുമാർ) , കെ.കുമാർ നടുവത്തുമുറി (സെക്രട്ടറി), കെ. ഹരിശ്ചന്ദ്രൻ (കുളക്കോട് റസി. അസോസിയേഷൻ), എസ്. അബ്ദുൽ ഹക്കിം (മാങ്കാട് റസി. അസോസിയേഷൻ), മാങ്കുന്നിൽ പ്രദീഷ് (ചേന്നൻപാറ റസി. അസോസിയേഷൻ), ജോയിന്റ് സെക്രട്ടറിമാർ ബി. കൃഷ്ണൻനായർ (മൈത്രി റസി. അസോ.)( ട്രഷറർ)

**1. സോൺ സബ് കമ്മിറ്റി (തൊളിക്കോട് പഞ്ചായത്ത്)**

27.3.10ന് രൂപീകരിച്ചു. ശ്രീ.ജി. ഭുവനചന്ദ്രൻ (മാങ്കാട് R.A.) കൺവീനർ. ശ്രീ. ജി. രാജേന്ദ്രൻ ആശാരി (സൗഹൃദ R.A. ആനപ്പെട്ടി) ശ്രീ.എസ്. വിജയൻനായർ (മാങ്കാട് R.A.) ജോയിന്റ് കൺവീനർമാർ

**2. സോൺ സബ് കമ്മിറ്റി (വെള്ളനാട് പഞ്ചായത്ത്)**

14.4.10ൽ രൂപീകരിച്ചു. ശ്രീ.ജി. അനിൽകുമാർ (കുളക്കോട് R.A.) കൺവീനർ. ശ്രീ. പി.ജെ. സോമൻ (കുളക്കോട് R.A.), ശ്രീ. സി. അനിൽകുമാർ (ഭഗവതി നഗർ R.A.) ജോയിന്റ് കൺവീനർമാർ.

**3. സോൺ സബ് കമ്മിറ്റി (വിതുര പഞ്ചായത്ത്)**

25.4.10ൽ രൂപീകരിച്ചു. ശ്രീ.എം.കെ. വിജയരാജൻ (വിതുര R.A.) കൺവീനർ, ശ്രീ. ടി.കെ. ജോസഫ് (ചേന്നൻപാറ R.A.) ശ്രീ.ബി. സതീഷ്കുമാർ (കോട്ടിയത്തറ R.A.) ജോയിന്റ് കൺവീനർമാർ

# മഹാത്മാ റസിഡന്റ്സ് അസ്സോസിയേഷൻ

കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്തിൽ ഓഫീസ് വാർഡ് കേന്ദ്രമായി 7 വർഷമായി പ്രവർത്തിച്ചുവരുന്നു. സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഒരു സഹൃത്തായും വഴികാട്ടിയായും നിന്ന് പരസ്പര സഹകരണവും കൂട്ടായ്മയും വളർത്തി ക്കൊണ്ടുവരാനുള്ള പ്രവർ ത്ത ന ങ്ങൾ നടത്തിവരുന്നു.

**പ്രധാന പ്രവർത്തനങ്ങൾ**

1. സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി

അക്ഷയപദ്ധതിയുമായി സഹകരിച്ച് അസോസിയേഷൻ പരിധിയിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. ലഘുസമ്പാദ്യപദ്ധതി:

ആളുകളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ലഘു സമ്പാദ്യ പദ്ധതി ആരംഭിച്ചു.

3. കുട്ടികൾക്കായുള്ള പ്രത്യേക പരിപാടികൾ – സൗജന്യ പഠനോപ കരണ വിതരണം, ഉന്നതവിജയം നേടുന്നവർക്ക് അവാർഡുകൾ വിതരണം, കലാമത്സരങ്ങൾ എന്നിവ നടത്തി അങ്കണവാടിക്ക് കളിക്കോപ്പുകൾ വിതരണം ചെയ്തു.



എം. മുരളീധരൻനായർ
പ്രസിഡന്റ്



ഇബ്രാഹിംകുട്ടി
സെക്രട്ടറി

4. ഒരു ഡയറക്ടറി പ്രകാശനം ചെയ്തു.

**5. ആരോഗ്യപ്രവർത്തനങ്ങൾ**

ജീവിതശൈലീരോഗങ്ങളെക്കുറിച്ച് സെമിനാർ, പ്രമേഹരോഗ നിർണ്ണയ ക്യാമ്പ്, DEC ഗുളിക വിതരണം, കൊതുക് നിവാരണം, മറ്റ് ആരോഗ്യ പരിപാടികൾ എന്നിവ നടത്തിവരുന്നു.

6. സൗജന്യപോഷകാഹാര വിതരണപദ്ധതി: 10 വയസ്സിനു താഴെ പ്രായമായ കുട്ടികൾക്ക് മാസത്തിൽ 2 ദിവസം സൗജന്യമായി പാലും മുട്ടയും ബ്രഡും വിതരണം ചെയ്യുന്ന ഒരു പദ്ധതി കഴിഞ്ഞ 3 വർഷം നടത്തിയിരുന്നു.

7. ഇതര പ്രവർത്തനങ്ങൾ:

റോഡ് നന്നാക്കൽ, യാത്രാക്ലേശം പരിഹരിക്കുക, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക, കുടിവെള്ളം ലഭ്യമാക്കുക, ക്രമസമാധാന പരിപാടികൾ, പഞ്ചായത്ത് പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ സഹകരിച്ചു വരുന്നു.

# ഊരൂട്ട് ജംഗ്ഷൻ റസിഡന്റ്സ് അസ്സോസിയേഷൻ

ഊരൂട്ട് ജംഗ്ഷൻ റസിഡന്റ്സ് അസോസിയേഷന്റെ 5–ാം വാർഷികാഘോഷവും കുടുംബസംഗമവും ഫെബ്രുവരി 13, 14 തീയതികളിൽ നടന്നു. 13–ാം തീയതി നടന്ന കുടുംബസംഗമം പ്രശസ്ത സംഗീത സംവിധായകൻ ബോംബെ എസ്. കമാൽ ഉദ്ഘാടനം ചെയ്തു. രക്ഷാധികാരി എസ്. ശ്രീകുമാരൻ നായർ അദ്ധ്യക്ഷനായിരുന്നു. 14–ാം തീയതി നടന്ന വാർഷികാഘോഷ പരിപാടികൾ നഗരസഭ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പുത്തൻകട വിജയൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജെ. സ്റ്റീഫൻസൺ അധ്യക്ഷനായിരുന്നു. ഫ്രാറ്റ് പ്രസിഡന്റ് ശ്രീ പട്ടം ശശിധരൻ നായർ, മുഖ്യ പ്രഭാഷണം നടത്തി. മേഖല പ്രസിഡന്റ് ജി. രാധാകൃഷ്ണൻ, സെക്ര ട്ടറി ജയ കുമാർ, ജോയിന്റ് സെക്രട്ടറി, അനിൽകുമാർ എന്നിവർ സംസാ രിച്ചു. മുതിർന്ന വ്യക്തികളെ പൊന്നാട യണിയിച്ച് ആദരിക്കുകയും വിദ്യാ ഭ്യാസ അവാർ ഡ്, കലാ–കായിക മത്സര വിജയി കൾക്ക് സമ്മാനങ്ങൾ എന്നിവ വിതരണം ചെയ്തു. പുതിയ ഭാര വാഹികളായി ശ്രീകുമാരൻ നായർ (രക്ഷാധികാരി) ജെ. സ്റ്റീഫൻസൺ (പ്രസിഡന്റ്)



സ്റ്റീഫൻസൺ
പ്രസിഡന്റ്



ജയകുമാർ
സെക്രട്ടറി



നാരായണൻനായർ
ട്രഷറർ

അജിത്ത് ഗോപി (വൈസ് പ്രസിഡന്റ്) ജയകുമാർ (സെക്രട്ടറി) അനിൽകുമാർ (ജോ. സെക്രട്ടറി) എസ്. നാരായണൻനായർ (ഖജാൻജി) എന്നിവരെ തെരഞ്ഞെടുത്തു.

# മഹാദേവ എൻക്ലേവ് റസിഡന്റ്സ് അസ്സോസിയേഷൻ

ആനയറ മഹാദേവ എൻക്ലേവ് റസിഡന്റ്സ് അസോസിയേഷന്റെ പ്രവർത്തനോദ്ഘാടനം നടന്നു. ഫ്രാറ്റ് രക്ഷാധികാരി സി. രാജഗോപാലൻനായർ മുഖ്യപ്രഭാഷണം നടത്തി. ഫ്രാറ്റ് പി.ആർ.ഒ. ജഗതി ശിവൻതമ്പി, കുളത്തൂർ കൃഷ്ണൻ നായർ, കൃഷ്ണമൂർത്തി, കൗൺസിലർ സിന്ധു, ഡോ. ശ്യാം സുന്ദർ എന്നിവർ സംസാരിച്ചു.



# പുത്തൻ റോഡ് റസിഡന്റ്സ് അസ്സോസിയേഷൻ

പേട്ട പുത്തൻ റോഡ് റസിഡന്റ്സ് അസ്സോസിയേഷന്റെ വാർഷികോദ്ഘാടനം എൻ. പ്രഭാകരന്റെ അദ്ധ്യക്ഷതയിൽ നടന്നു. എസ്. രാധാകൃഷ്ണൻ സ്വാഗതം പറഞ്ഞു. കൗൺസിലർ രതീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഫ്രാറ്റ് പി.ആർ.ഒ. ജഗതി ശിവൻതമ്പി അവാർഡുദാനം നിർവഹിച്ചു.




# ഐഡന്റിറ്റി കാർഡ് വിതരണം ചെയ്തു

പൂജപ്പുര ഉണ്ണിനഗർ റസിഡന്റ്സ് അസോസിയേഷന്റെ 17–ാം വാർഷിക പൊതുയോഗത്തിൽ വച്ച് അംഗങ്ങൾക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു. അസ്സോസിയേഷൻ പ്രസിഡന്റ് എസ്. വിശ്വംഭരൻ നായർ, മുൻ പ്രസിഡന്റ് എൻ.എസ്. മധുസൂദനൻ നായർക്ക് നല്കി വിതരണോദ്ഘാടനം നിർവഹിച്ചു. വാർഷിക പൊതുയോഗം പുതിയ ഭാരവാഹികളായി ജി. രാധാകൃഷ്ണൻ (പ്രസിഡന്റ്) റ്റി. തങ്കക്കുട്ടൻ (വൈസ് പ്രസിഡന്റ്) വി.എം. ശിവ നാരായണൻ കുട്ടി (സെക്രട്ടറി) ജി. വിജയകുമാർ (ജോയിന്റ് സെക്രട്ടറി), എൻ. പരമേശ്വരൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.


ജി. രാധാകൃഷ്ണൻ
പ്രസിഡന്റ്


ശിവനാരായണൻകുട്ടി
സെക്രട്ടറി


എൻ. പരമേശ്വരൻ
ട്രഷറർ

**മേയ് 26 രാവിലെ 10ന് മിൽമയുടെ**
**പട്ടം ആഫീസിനുമുന്നിൽ കൂട്ടധർണ**

പങ്കെടുക്കുക; വിജയിപ്പിക്കുക.

Photo Gallery

Photo Gallery



Photo Gallery

തലസ്ഥാന ജില്ലയുടെ സമഗ്രവികസന നിർദ്ദേശങ്ങൾ അടങ്ങിയ നിവേദനം
ബഹു: കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഡോ : ശശി തരൂരിന് നൽകുന്നു




Photo Gallery

കരമന - കളിയിക്കാവിള ദേശീയ പാതയുടെ വികസനത്തിനായി സെക്രട്ടേറിയേറ്റിന് മുന്നിൽ നടന്ന ധർണ്ണ